


# ലിറ്റിൽകൈറ്റ്സ്

## 2019

## ജി എച്ച് എസ് എസ് കാരപറമ്പ്

**കാരപറമ്പ് പി ഒ**

**കോഴിക്കോട്_10**

**അവതരിപ്പിക്കുന്ന**

**ഡിജിറ്റൽ മാഗസിൻ**

# ചിത്രശലഭങ്ങൾ



ഐ ടി മേഖലയിൽ ആഭിമുഖ്യം ജനിപ്പിക്കുന്നതിന്

അവസരമൊരുക്കുന്ന ലിറ്റിൽകൈറ്റ്സിന്റെ സൃഷ്ടിയായ

"ചിത്രശലഭങ്ങൾ" എന്ന ഡിജിറ്റൽ മാഗസിൻ

പ്രസിദ്ധീകരണത്തിന് എന്റെ എല്ലാവിധ ആശംസകളും

നേരുന്നു.



ഷാദിയബാനു
**ഹെഡ്മിസ്ട്രസ്**
**ജി എച്ച് എസ് എസ് കാരപറമ്പ്**

ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്

എന്റെ എല്ലാവിധ ആശംസകളും നേരുന്നു



എ രമ

പ്രിൻസിപ്പാൾ

ജി എച്ച് എസ് എസ് കാരപറമ്പ്

ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ഉദ്യമമായ ഡിജിറ്റൽ മാഗസിന് എന്റെ

വിജയാശംസകൾ നേരുന്നു



**നജീബ് മാളിയേക്കൽ**

**പി ടി എ പ്രസിഡണ്ട്**

**ജി എച്ച് എസ് എസ് കാരപറമ്പ്**

പുതുതലമുറയ്ക്ക് സാങ്കേതിക വിജ്ഞാനം പകരാൻ രൂപപ്പെട്ട ലിറ്റിൽകൈറ്റ്സ് എന്ന പദ്ധതി മികവുറ്റതായി മാറുമെന്നതിൽ സംശയമില്ല. 33 അംഗങ്ങളുള്ള ഈ ക്ലബിന് ട്രെയിനിങ്ങ് നൽകുന്നത് ജൂന ടീച്ചറും ബിനി ടീച്ചറും ചേർന്നാണ്.ആദ്യസംരഭമെന്ന നിലയിൽ തയ്യാറാക്കുന്ന "ചിത്രശലഭങ്ങൾ" എന്ന ഡിജിറ്റൽ മാഗസിൻ സാങ്കേതികവിദ്യയുടെ പുതുനാമ്പുകളായ ഞങ്ങൾ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.



സ്റ്റാഫ് എഡിറ്റർ
ജൂന ജെ എൻ
കൈറ്റ് മിസ്ട്രസ്

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ** — ഷാദിയ ബാനു ടീച്ചർ (ഹെഡ്മിസ്ട്രസ്)

**സ്റ്റാഫ് എഡിറ്റർ** — ജൂന ജെ എൻ (കൈറ്റ് മിസ്ട്രസ്)

ബിനി വി വി (കൈറ്റ് മിസ്ട്രസ്)

**സ്റ്റുഡന്റ് എഡിറ്റർ** — വിഷ്ണു എം

**അംഗങ്ങൾ** —

അർജ്ജുൻ ടി എം
സിനാൻ സി പി
മുഹമ്മദ് ഷാമിൽ
മുഹമ്മദ് ഹബീബ്
മുഹമ്മദ് ഷാനിബ്
നിഖിൽ ഡി
ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ

## ഉള്ളടക്കം


........5
........6
ജി എച്ച് എസ് എസ് കാരപറമ്പ്........9
ചരിത്രം........10
കാലത്തെ മറികടന്ന........16
മഹാ ദുരിതം........16
........16
കാത്തിരിപ്പ്........17
പ്രപഞ്ച രഹസ്യങ്ങൾ........18
എന്താണ് കൊള്ളിമീൻ അഥവ ഉൽക്കകൾ?........20
എ.പി.ജെ. അബ്ദുൽകലാം........22
പ്രളയത്തിലൂടെ മനുഷ്യർക്ക് ലഭിച്ച........23
തിരിച്ചടി........23
യാത്രാ വിവരണം........24
........29
ജൂന ജെ എൻ........29
ബയോ-ഇൻഫർമാറ്റിക്സ്........29
ജീവന്റെ വിവരസാങ്കേതിക പഠനമാണ് ബയോ-ഇൻഫർമാറ്റിക്സ്.അതായത് വിവര സാങ്കേതികവിദ്യയും ജൈവസാങ്കേതികവിദ്യയും പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന ഒരു നൂതന വൈദ്യശാസ്ത്രാനുബന്ധ ശാഖയാണ് ബയോ ഇൻഫർമാറ്റിക്സ്........29
പുഴ നൊമ്പരമാകുമ്പോൾ........30
പുലർകാലസ്വപ്നം........32
പാസ്കൽ-ആദ്യത്തെ കണക്കു കൂട്ടൽയന്ത്രം കണ്ടുപിടിച്ച ഗണിതശാസ്ത്രജ്ഞൻ........33
പ്രവേശനോത്സവം........35
ചാന്ദ്രദിനം........36
സ്വാതന്ത്ര്യദിനാചരണം........39
പ്രളയദുരിതാശ്വാസ പ്രവർത്തനം........40
സി സി സി........41
ജെ ആർ സി........45
ലിറ്റിൽകൈറ്റ്സ്........46
ഗാന്ധിജയന്തി........48

........................................................................49
സ്പോർട്സ്........................................................................50
ഒ ആർ സി........................................................................55
പരിസ്ഥിതി ക്ലബ്ബ്........................................................................56
ലഹരി വിരുദ്ധ ക്ലബ്ബ്........................................................................57
സൈക്കോ സോഷ്യൽ കൗൺസിലിംഗ്........................................................................57
SSLC പഠന ക്യാമ്പ് ........................................................................58
ആരോഗ്യ ശുചിത്വ ക്ലബ്ബ്........................................................................59
വിനോദയാത്ര........................................................................61
സയൻസ് ക്ലബ്........................................................................64
മ്യൂസിക്........................................................................67
ഇംഗ്ലീഷ് ക്ലബ്........................................................................68
ഹലോ ഇംഗ്ലീഷ്........................................................................68
നിറവ്-സ്ത്രീചേതന........................................................................70
CWSN........................................................................71
സ്കൂൾ പാർലിമെന്റ്........................................................................72
കലാമേള........................................................................74
ഹിന്ദി ക്ലബ്........................................................................78
മലയാളതിളക്കം........................................................................78
വിദ്യാരംഗം കലാസാഹിത്യവേദി........................................................................80
നാം! സത്യമാണമ്മ എന്റെ........................................................................81
അമ്മ........................................................................81
അമ്മസ്നേഹം........................................................................82
കുട്ടികളുടെ കലാസൃഷ്ടികൾ........................................................................83
നന്ദി........................................................................96

# ജി എച്ച് എസ് എസ് കാരപറമ്പ്





# ചരിത്രം

1879 ഒരു ലോവർ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്.

കോഴിക്കോട് മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽപ്പെട്ട ഒരു പ്രാഥമിക വിദ്യാലയമായി 1907 ൽ ആരംഭിച്ചതായിട്ടാണ് നിലവിലുള്ള ലഭ്യമായ രേഖകളിൽ നിന്നും മനസിലാക്കാൻ കഴിയുന്നത്. ഇപ്പോൾ വിദ്യാലയം നിൽക്കുന്ന സ്ഥലം ചഞ്ചേരിപറമ്പ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ചഞ്ചേരിയിൽ നിന്നും ഇവിടെ വന്ന് സ്ഥിരതാമസമാക്കിയിരുന്ന രാമൻ , നഞ്ഞ്യേലി ദമ്പതികളിൽ നിന്നും മൊത്തം വിലയ്ക്കെടുത്തതാണ് പ്രസ്തുത സ്ഥലം എന്നാണ് അന്വേഷണങ്ങളിൽ നിന്നും അറിയാൻ കഴിയുന്നത്. രാമൻ-നഞ്ഞ്യേലി കുടുംബത്തിലെ താവഴിയായുള്ള ശ്രീ. പി. ഗോവിന്ദൻ കുട്ടി, വർക്കി ബേക്കറിയുടെ വടക്കു ഭാഗത്ത് ഇപ്പോൾ താമസിക്കുന്നു. നാട്ടുവാഴിത്വത്തിന്റെ പ്രഭവകാലത്ത് നാട്ടുവാഴികളുടെ ആശ്രിതരായി ഈ പ്രദേശത്തിലെ വിവിധങ്ങളായ സാമൂഹ്യ ആവശ്യങ്ങൾ നിറവേറിയിരുന്ന ആന്ധ്രനായർ,വെളുത്തേടത്ത്നായർ,പെരുംകൊല്ലൻ,വണ്ണാൻ,പാണൻ, പെരുനണ്ണാൻ,തിയ്യർ തുടങ്ങിയ അധ്വാനം മാത്രം കൈമുതലാക്കിയിരുന്ന ജനവിഭാഗങ്ങളുടെ പഠനത്തിനു വേണ്ടിയായിരുന്നുവത്രെ വിദ്യാലയം ആരംഭിച്ചിരുന്നത്. എന്നാൽ കാരപ്പറമ്പ് ചന്തയുടെയും തുടർന്നുള്ള വ്യാപാരത്തിന്റെ വളർച്ച കോഴിക്കോട്ടെ ചരിത്രപ്രസിദ്ധമായ പിയേഴ്സ് ലസ്‌ലി അണ്ടിക്കമ്പനിയുടെ ഉത്ഭവം, പരിമിതമെങ്കിലും അക്കാലത്ത് നിലവിലുണ്ടായിരുന്ന കാരപറമ്പിലെ യാത്രാ സൗകര്യം, കനോലി കനാൽ വഴിയുണ്ടായിരുന്ന ജലഗതാഗതസൗകര്യം തുടങ്ങിയവയെല്ലാം ഈ വിദ്യാലയത്തിന്റെ ഘട്ടംഘട്ടമായുള്ള വളർച്ചയ്ക്ക് കാരണങ്ങളായി ഭവിച്ചു. അണ്ടിക്കമ്പനിയിൽ ഉണ്ടായിരുന്ന 2000 ൽ പരം തൊഴിലാളികളുടെ കുട്ടികൾ ഈ സ്ഥാപനത്തിലെ വിദ്യാഥികളായി. അതുപ്രകാരം തന്നെ സമീപ പ്രദേശങ്ങളായ എടക്കാട്, കുണ്ടൂപ്പറമ്പ്, കരുവശ്ശരി, കക്കോടി, കുരുവട്ടൂർ തുടങ്ങിയ സമീപദേശങ്ങളിൽ വിദ്യാഭ്യാസ സൗകര്യം ഇല്ലെന്നതിനാൽ അവിടെനിന്നും വിദ്യാർഥികൾ ഈ സ്ഥാപനത്തിൽ എത്തിച്ചേർന്ന വർഷങ്ങൾ, തുടർച്ചയായിത്തന്നെ ഷിഫ്റ്റ് സമ്പ്രദായത്തിൽ 2000 വിദ്യാർഥികൾ ഇവിടെ പഠിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഘട്ടങ്ങളിൽ അന്നത്തെ മുനിസിപ്പൽ കൗൺസിലറായിരുന്ന ഒ.കുഞ്ഞുണ്ണിനായർ പൗരപ്രമുഖരായിരുന്ന കോളിയോട്ട് ചോയിക്കുട്ടി തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപപ്പെട്ട വിദ്യാലയ സംരക്ഷണസമിതി ആദ്യമായി വിദ്യാലയ സ്ഥലത്തിന്റെ വടക്ക്കിഴക്ക് ഭാഗത്ത് മൂന്ന് ക്ലാസ് മുറികൾ ഉൾക്കൊള്ളുന്ന ഒരു കെട്ടിടം നാട്ടുകാരുടെ സഹായത്തോടെ നിർമ്മിച്ചു. തുടർന്ന് പിയേഴ്സ് ലസ്‌ലി കമ്പനിയുടെ ജനറലായിരുന്ന മിസ്റ്റർ. എ. ഡി. ബോളന്റ് സായിപ്പ് നാലുക്ലാസുകൾ ഉൾക്കൊള്ളുന്ന മറ്റൊരു ബ്ലോക്കും നിർമിച്ചുകൊടുത്തു. ഇതിനകം പ്രാഥമിക തലത്തിൽ നിന്നും വിദ്യാലയം എലിമെന്ററിതലത്തിലേക്ക് ഉയർന്നു. പെൺകുട്ടികളുടെ ജ്ഞാനോദയം വിദ്യാലയം നിർത്തലാക്കിയതിനെ തുടർന്ന് അവിടെയുണ്ടായിരുന്ന വിദ്യാർഥികളും വിദ്യാർഥിനികളും ഈ വിദ്യാലയത്തിലേക്ക് വന്നു. 1956 ൽ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തോടെ പുതുതായി രൂപംകൊണ്ട കേരള ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 1958-59 കാലത്ത് എല്ലാ മുനിസിപ്പൽ വിദ്യാലയങ്ങളും സർക്കാർ ഏറ്റെടുക്കുകയും അവയെ സർക്കാർ വിദ്യാലയങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു. അന്നത്തെ ഈ കൗൺസിലറും, മുൻമേയറുമായിരുന്ന ദിവംഗതനായ പി. കുട്ടികൃഷ്ണൻ നായറുടെ നേതൃത്വത്തിൽ രൂപംകൊണ്ട ശക്തമായ അധ്യാപക രക്ഷാകർതൃത്വ സമിതിയുടെ സമയോചിതമായ പ്രവർത്തനത്തിന്റെ ഫലമായി 1964 ൽ

കാരപറമ്പ് എലിമെന്ററി സ്കൂൾ ഹൈസ്കൂൾ പദവിയിലേക്ക് ഉയർത്തി. തുടർന്ന് ഹൈസ്കൂളിനാവശ്യമായ സ്ഥലസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഇതേ കമ്മറ്റിതന്നെ പൊതുജന സഹകരണത്തോടെ വിദ്യാലയത്തിൽ ഒരു പുതിയ ബ്ലോക്ക് നിർമ്മിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച പശ്ചാത്തലസൗകര്യങ്ങളും അതുപോലെ തന്നെ കഴിവുള്ള അധ്യാപകരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.എങ്കിലും വിദ്യാഭ്യാസ നിലവാരം എന്തുകൊണ്ടോ അതിനനുസരിച്ച് ഉയർന്നിരുന്നില്ല. ഒരു പക്ഷെ ആ കാലഘട്ടത്തിലെ ഈ പ്രദേശത്തിന്റെ പ്രത്യേക സാമൂഹ്യ സാമ്പത്തിക സാംസ്കാരിക സാഹചര്യം കൊണ്ടായിരിക്കാം എന്ന് സമാധാനിക്കാം. എന്നാൽ 2003-2004 മുതൽക്കുള്ള വിദ്യാലയത്തിന്റെ കാര്യത്തിൽ പൊതുജനങ്ങളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടായി. അധ്യാപക രാക്ഷാകതൃത്വ സമിതിയ്ക്ക് പുതിയ ഭാവവും, രൂപവും ഉത്സാഹവും കൈവരിച്ചു. സ്കൂൾ സപ്പോർട്ടിങ്ങ് ഗ്രൂപ്പും, വിദ്യാലയ വികസന സമിതിയും നഗരസഭയുടെ ഭരണപരമായ മേൽനോട്ടവും ശക്തിപ്രാപിച്ചു. പഠന പരീക്ഷയുടെ കാര്യത്തിൽ പ്രത്യേകിച്ചും S.S.L.C പൊതുപരീക്ഷയുടെ കാര്യത്തിൽ പ്രത്യേകം നിരീക്ഷണം ഏർപ്പെടുത്തി. അധികസമയ വിശേഷാൽ ക്ലാസുകൾ നടത്തി അതിന്റെ ഫലമെന്നോണം അതുവരെ ഉണ്ടായിരുന്ന 5 ഉം, 8 ഉം വിജയശതമാനത്തിൽ നിന്ന് 38% മായി വർദ്ധിച്ചു. ഈ പൊടുന്നനെയുള്ള ഉയർച്ച വിദ്യാർഥികൾക്കും ,അധ്യാപകർക്കും, രക്ഷിതാക്കൾക്കും ആത്മവിശ്വാസവും, ഗുണപരമായ പ്രേരണയും ഉണ്ടാക്കി. പിന്നീട് അങ്ങോട്ട് ഉയർച്ചയുടെതന്നെ കാലമായിമാറി. 2008 മാർച്ചിൽ 97% കൈവരിച്ചു. ഇതുവരെ കൈവരിച്ച എല്ലാ നേട്ടങ്ങൾക്കും വിദ്യാഭ്യാസ വകുപ്പിന്റെ ആത്മാർഥമായ സഹകരണവും, സഹായവും ഉണ്ടായിരുന്നു എന്ന വസ്തുത പ്രത്യേകമായി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു. അതുപോലെ തന്നെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ അധ്യാപക സംഘടനകളുടെയും പങ്കാളിത്ത്വം ലഭ്യമായിരുന്നു എന്ന വസ്തുത കൂടി സൂചിപ്പിക്കുന്നു. 2007-2008 ൽ ഈ വിദ്യാലയത്തെ സർക്കാർ ഹയർ സെക്കന്ററി പദവിയിലേക്ക് ഉയർത്തി. ഹയർസെക്കന്ററി വിഭാഗത്തിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ്, സയൻസ് എന്നീ വിഷയങ്ങളിൽ +1, +2 എന്നീ വിഭാഗങ്ങളിൽ 258 വിദ്യാർഥികൾ പഠിക്കുന്നു. മറ്റൊരു പ്രത്യേക വിശേഷത കോഴിക്കോട് ഒന്നാം നിയോജകമണ്ഡലം MLA ശ്രീ. പ്രദീപ്കുമാർ തയ്യാറാക്കി ഗവൺമെന്റിനു സമർപ്പിച്ച ഒരു പ്രത്യേക പ്രൊജക്റ്റ് സർക്കാർ അംഗീകരിച്ചതിന്റെ ഫലമായി കോഴിക്കോട് കോർപറേഷൻ പരിധിയിൽ നിന്നും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തിരഞ്ഞെടുത്ത 3 വിദ്യാലയങ്ങളിൽ 1 കാരപ്പറമ്പ് ഹയർസെക്കന്ററി വിദ്യാലയമാണെന്ന് നമുക്ക് അഭിമാനിക്കാം. ഈ കാര്യത്തിൽ നമ്മുടെ പ്രിയങ്കരനായ MLA പ്രദീപ് കുമാറിനോട് നാട്ടുകാരായ നാം പ്രത്യേകം കൃതജ്ഞതപൂർവ്വം കടപ്പെട്ടിരിക്കുകയാണ്. ഈ വിദ്യാലയത്തിൽ ഇപ്പോൾ ഒട്ടും മോശമല്ലാത്ത സ്മാർട്ട് റൂം, ലാബറട്ടറി, ലൈബ്രറി ആന്റ് റീഡിങ്ങ് റൂം, ഓപ്പൺ സ്റ്റേജ്, സ്കൂൾ അങ്കണത്തിന് അലങ്കാരമായിട്ടുള്ള ആമ്പൽക്കുളം തുടങ്ങിയവയുമുണ്ട്. ആമ്പൽക്കുള നിർമ്മാണം സ്പോൺസർ ചെയ്തിട്ടുള്ളത് കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയും, ഓപ്പൺ സ്റ്റേജ് സ്പോൺസർ ചെയ്തിട്ടുള്ളത് കരുവശ്ശേരിയിലെ കാലിക്കറ്റ് നോർത്ത് കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കുമാണ്.

ഈ ജില്ലയിലെ ആദിവാസി മേഖലയിൽ നിന്നും വരുന്ന 100 ലധികം വിദ്യാർത്ഥികൾ വർഷാവർഷങ്ങളിൽ ഈ വിദ്യാലയത്തിൽ പഠിച്ചു വരുന്നു. പ്രതേകപരിഗണനയോ വേണ്ടത്ര അക്ഷരജ്ഞാനമോ, ഗണിതമോ ഇല്ലാതെ വരുന്ന ഈ വിദ്യാർത്ഥിനികളെ സംബന്ധിച്ചിടത്തോളം ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ പങ്കെടുക്കാനോ സ്കൂളിന്റെ മറ്റ് പൊതുകാര്യങ്ങളിൽ സജീവമായി പ്രവർത്തിക്കാനോ കഴിയുമായിരുന്നില്ല. ഈ വിദ്യാർത്ഥികൾക്കും

പഠനപിന്നോക്കം നിൽക്കുന്ന മറ്റ് വിദ്യാർത്ഥികൾക്കും പ്രത്യേക പരിഗണനയും സ്നേഹവും പരിശീലനവും നൽകിക്കൊണ്ട് വർഷങ്ങളായി അദ്ധ്യാപകരും പി.ടി.എ, എസ്.എസ്.ജി, എസ്.ഡി.സി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവരുടെയൊക്കെ പ്രവർത്തനം ഈ വിദ്യാലയത്തിലെ പുരോഗതിക്കായി തുടർന്നുവരുന്നു.

## നിലവിലെ അവസ്ഥ

പ്രൻസിപ്പാളും പതിനേഴ് ഹയർസെക്കണ്ടറി അധ്യപകരും രണ്ട് ലാബ് അസിസ്റ്റന്റമാരും ഹയർസെക്കണ്ടറി വിഭാഗത്തിലും ഹെഡ്മിസ്ട്രസ്സും യു.പി വിഭാഗത്തിലെ അഞ്ച് അദ്ധ്യാപകരും,ഹൈസ്കൂൾ വിഭാഗത്തിൽ 12 അദ്ധ്യാപകരും എസ്.എസ്.എ നിയമിച്ച കലാകായിക പ്രവർത്തി പരിചയ വിഭാഗത്തിലെ 3 അദ്ധ്യാപികമാരും ഒരു റിസോഴ്സ് അദ്ധ്യാപികയും ഒരു കൗൺസിലിങ്ങ് അദ്ധ്യാപികയും ഒരു ക്ലർക്ക് ഉൾപ്പെടെ രണ്ട് ഓഫീസ് അസിസ്റ്റൻമാരും (ഒരു FTM) ഈ വിദ്യാലയംത്തിൽ സേവനമനുഷ്ഠിക്കുന്നു.യു.പി, ഹൈസ്കൂൾ,ഹൈസക്കണ്ടറി വിഭാഗങ്ങളിലായി ഏകദേശം 700 ഒളം വിദ്യാർത്ഥികൾ ഈ വിദ്യാലത്തിൽ പഠിക്കുന്നു.എം.എൽ.എ ശ്രീ എ.പ്രദീപ് കുമാറിന്റെ സാക്ഷാത്ക്കാരമായ പ്രിസം പദ്ധതിയിൽ ഉൾപ്പെട്ടതോടെ കാരപ്പറമ്പ് ഹയർസെക്കണ്ടറി സ്കൂൾ രാജ്യാന്തര നിലവാരത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു.അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്ക് എത്തിനിൽക്കുന്നു.എം.എൽ.എ ആസ്തി ഫണ്ടിൽ നിന്നും ഏഴ് കോടി രൂപ ചിലവിൽ,മികച്ച വിദ്യാലയമായി ഉയർന്നു വരുകയാണ് കാരപ്പറമ്പ് ഹയർസെക്കണ്ടറി സ്കൂൾ.അവശ്യം വേണ്ട സൗകര്യങ്ങളോടെ ഹയർ സെക്കണ്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി ക്ലസുകൾ നടന്നുവരുന്നു.അതിന്റെ ഉദ്ഘാടനം മുൻവിദ്യാഭ്യാസ മന്ത്രി ശ്രീ.അബ്ദുറബ്ബ് ആണ് നിർവ്വഹിച്ചത്.ഹൈസ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. വിദ്യഭ്യാസ മന്ത്രി ശ്രീ. രവീന്ദ്രനാഥ് നിർവഹിക്കുകയുണ്ടായി.ടോയലറ്റ് സൗകര്യം,കുടിവെള്ളം എന്നിവ ആവിശ്യത്തിനുണ്ട്.ഹൈടെക് രീതിയിലുള്ള ടോയലറ്റ് സംവിധാനമാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുക്കിയിരുന്നത്.ഹയർസെക്കണ്ടറി ബ്ലോക്കിൽ ഓഡിറ്റോറിയം പൂർത്തിയായി, സ്കൂൾ കലോത്സവത്തോടെ ഉദ്ഘാടനം നിർവഹിക്കുകയും ഓപ്പൺ സ്റ്റേജിന്റെ നിർമാണം പൂർത്തിയായി വരുകയും ചെയ്യുന്നു.

--------------------------



അന്ന്

ഇന്ന്



# കാലത്തെ മറികടന്ന

# മഹാ ദുരിതം



ഒരു വലിയ സിറ്റി അവിടെ തിരക്കേറിയ റോഡരികിൽ ഒരു കൊച്ചു വീട് അവിടെ ഒരു അച്ചനും അമ്മയും രണ്ട് കുട്ടികളും താമസിച്ചിരുന്നു. വലിയ ദാരിദ്ര്യമായിരുന്നു അവർക്ക് ,മിക്ക ദിവസങ്ങളിലും അവർ കഞ്ഞിയാണ് കുടിക്കുക.കുട്ടികൾ ഗവൺമെന്റ് സ്കൂളിലാണ് പഠിക്കുന്നത്,ആ സ്കൂളാണെങ്കിൽ ഇന്നോ,നാളയോ വീഴും എന്ന സ്ഥിതിയാണ്,അതുമല്ല ആ സ്കൂളിൽ കുട്ടികൾ കുറവാണ് മത്രമല്ല ആ സ്കൂൾ സർക്കാർ എടുത്തുപോകുമെന്നും ചിലർ പറയുന്നുണ്ട്.കുട്ടികൾ ഒരാൾ 1ാം ക്ലാസിലും രണ്ടാമത്തെയാൾ 3ാം ക്ലാസിലുമാണ്.ഒരു മകളും ഒരു മകനുമായിരുന്നു.അവർക്ക് ഉച്ചക്ക് സ്കൂളിൽ നിന്നും കഞ്ഞിയും ചമന്തിയും ആയിരിക്കും.ഭാര്യയുടെ പേര് അനിത എന്നും ഭർത്താവിന്റെ പേര് അനിൽ എന്നുമാണ്.അനിത ഒരു വീട്ടിൽ അടുക്കള ജോലിക്കി പോകുന്നുണ്ട് അവിടെ നിന്ന് 200 രൂപ കൂലി കിട്ടും.അനിലിന് ഹാർട്ടിന്റെ പ്രശനമുണ്ട് അതിനാൽ അയാൾക്ക് ജോലിയൊന്നും ചെയ്യാൻ സാധിക്കില്ല.കുടുംബം നോക്കുന്നത് അനിതയാണ്.അവർ കുട്ടികളെയും ഭർത്താവിനെയും നോക്കാൻ ദീർഘശ്വാസം വലിക്കുകയാണ്.അവരുടെ വീട്ടുകാര്യങ്ങൾ 200 രൂപയിൽ ഒതുങ്ങില്ല.അതിനാൽ അവൾ വെറൊരു ജോലിക്ക് ശ്രമിക്കുന്നുണ്ട്.ഒരു ദിവസം അനിതയുടെ രണ്ടാമത്തെ മകൾ ചോദിച്ചു.എന്താണമ്മെ എല്ല ദിവസവും ഈ കഞ്ഞി .കഞ്ഞി കുടിച്ച് ഞങ്ങൾ മടുത്തു,സ്കൂളിലും കഞ്ഞി,ഇവിടെയും കഞ്ഞി. അമ്മക്കെന്താ മീൻ വാങ്ങി കറിയും ചോറും വെച്ചാൽ .മകൾ അമ്മയോട് പരാതി പറയുന്നത് മുറിയിൽ നിന്ന് അനിൽ കേട്ടു.അയാളുടെ കണ്ണിൽ നിന്ന് കണ്ണു നീർ പൊടിഞ്ഞു. അയാൾക്ക് തോന്നി ഒന്ന് മരിച്ചാൽമതിയായിരുന്നു എന്ന്,അയൾ കരഞ്ഞു കൊണ്ട് കിടന്നു. ഒരു ദിവസം സന്ധ്യാ നേരം നല്ല കാറ്റും മഴയും ഇടിയും ഉണ്ടായിരുന്നു,വീടാകെ ചോരാൻ തുടങ്ങി. പെട്ടെന്ന് തന്നെ വീട്ടിൽ വെള്ളം കയറി.അനിതയും മക്കളും ഒന്നും ചെയ്യാൻ കഴിയാതെ അനിലിന്റെ അടുത്ത് ചെന്നിരുന്നു *അവർക്ക് രക്ഷകനായി ആരും തന്നെ എത്തിയില്ല. വെള്ളം കൂടി കൂടി വന്നു.പെട്ടെന്ന് അനിൽ പറഞ്ഞു നീ കുട്ടികളെയും കൂട്ടി പെട്ടെന്ന് പോ ,ഞാൻ ഇവിടെ കിടെന്ന് മരിക്കുകയാണെങ്കിൽ ,മരിച്ചോട്ടെ ആർക്കും ആവശ്യമില്ലതെ കിടക്കുന്ന ഒരു പാവയാണ് ഞാൻ, നിങ്ങൾ രക്ഷപ്പെട്ടോളൂ,അനിൽ പറഞ്ഞു.വേണ്ട മരിക്കുന്നെങ്കിൽ ഒരിമിച്ച് അതിൽ ഒരു മാറ്റവുമില്ല. അനിത രണ്ട് മക്കളെയും മാറോട് ചേർത്ത് പുണർന്നു. വെള്ളം പെട്ടെന്ന് കയറി. അടുത്ത ദിവസം കാണുന്നത് അവിടെ ആകെ മുങ്ങി കിടക്കുന്നതാണ് . ആ കുടുംബത്തെ ദൈവം ദൈവത്തിന്റ അടുത്തേക്ക് അവരെ കൊണ്ടു പോയി.കുറച്ചു നാളുകൾക്ക് ശേഷം അവരുടെ ശവങ്ങൾ വിവിധ സ്ഥലങ്ങളിൽ പൊങ്ങി വന്നു . ആ കുടുംബത്തിന്റെ തലമുറ ഇല്ലാതായി. എല്ലാവരുടെയും മനസ്സിൽ അവർ ഒരു ഓർമയായി.*

***വിഷ്ണു എം***

# കാത്തിരിപ്പ്



ബിന്ദു എസ്
എച്ച് എസ് എ ഹിന്ദി

കപടതയുടെകാർമേഘപടർപ്പിൽ
നന്മക്കൂട്ടങ്ങൾ മറയുന്നുവോ...
കുളിർമ്മയുടെ പച്ചപ്പുകളിൽ
കരിഞ്ചായം പടരുന്നുവോ...
തെളിനീരിൻ മാനസത്തിൽ
ജാടതൻ കറുപ്പ് വീഴുന്നുവോ...
സ്വാതന്ത്ര്യത്തിൻ നീലാകാശം
വിഷപ്പുകയാൽ നിറയുന്നുവോ...
സത്യസന്ധതയുടെ കർമ്മമണ്ഡലം
പിന്നാമ്പുറത്തേക്ക് തള്ളപ്പെടുന്നുവോ.......
സൗഹൃദത്തിൽ കൂട്ടായ്മകൾ
സ്വാർത്ഥചിന്തതൻ ആൾക്കൂട്ടമാകുന്നുവോ.....
തിരിച്ചറിയലുകൾക്കിടമില്ലാതെ
സത്യം മരിക്കുന്നുവോ................
മാൽസര്യത്തിൽ കോപാഗ്നിയിൽ
വൈവിധ്യരസം വിസ്മൃതിയിലണയുന്നുവോ.......
എങ്കിലും ഞാനെൻ ശുഭ്രപാതയിൽ
മനമിടറാതെ....... കലിടറാതെ...
പുതുവെളിച്ചത്തിൽ പൊൻപുലരിയ്ക്കായ്
പ്രതീക്ഷയോടെ കാത്തിരിക്കും...

# പ്രപഞ്ച രഹസ്യങ്ങൾ



ബിനി വി വി
H S A Physical Science

- **ശൂന്യാകാശം പൂർണ്ണമായും ശൂന്യമാണോ ?**



**അല്ലെന്നാണ് ശാസ്ത്രത്തിന്റെ കണ്ടെത്തൽ.പിന്നെ എന്താണ് ശൂന്യസ്ഥലത്ത് ഉള്ളത്? ദ്രവ്യം തന്നെ.പല പദാർത്ഥത്തിന്റെയും കണികകൾ. ശൂന്യമെന്ന് നാം ധരിച്ചിരിക്കുന്ന ഈ ശൂന്യാകാശത്തിൽ ഒരു മീറ്റർ നീളം, ഒരു മീറ്റർ വീതി, ഒരു മീറ്റർ ഉയരം ഇത്രയും സ്ഥലത്ത് താഴെ പറയുന്ന കണികകൾ കാണുമത്രെ.**

1. സ്വതന്ത്ര ഇലക്ട്രോൺ കണികകൾ -- 26,000,000.
2. ഹൈഡ്രജൻ ആറ്റങ്ങൾ -- 26,000,000.
3. പ്രകാശ കണങ്ങൾ -- 5,20,000.
4. സോഡിയം ആറ്റങ്ങൾ -- 6

**ഇതിനു പുറമെ കാൽസ്യം ആറ്റങ്ങൾ, പൊട്ടാസ്യം ആറ്റങ്ങൾ, ടൈറ്റാനിയം ആറ്റങ്ങൾ ഇവയും ഉണ്ട്.**




- **ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ ?**
  **ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങൾ വേറെയുമുണ്ടോ ?**

ഉണ്ടാവുമെന്നാണ് സ്റ്റീഫൻ എച്ച് ഡോൽ പറയുന്നത്. നമ്മുടെ ആകാശഗംഗയിൽ തന്നെ 64 കോടി ഭൂലോകങ്ങൾ ഉണ്ടാവും. അവയിൽ ഏതിലെങ്കിലും ജീവൻ ഉണ്ടാവാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.


- ഏറ്റവും വലിയ അളവുകോൽ ഏതാണ് ?

പ്രകാശവർഷം. പ്രകാശം ഒരു വർഷം കൊണ്ട് സഞ്ചരിക്കുന്ന ദൂരമാണ് ഒരു പ്രകാശവർഷം.ഒരു മിനിറ്റിൽ സഞ്ചരിക്കുന്നത് പ്രകാശമിനിറ്റും,ഒരു സെക്കന്റിൽ സഞ്ചരിക്കുന്നത് പ്രകാശസെക്കന്റും .ഒരു പ്രകാശസെക്കന്റ് മൂന്നു ലക്ഷം കിലേമിറ്ററാണ്.ഇതു പ്രകാരം ഒരു പ്രകാശവർഷം എന്നാൽ എത്ര കിലോമീറ്റർ ആയിരിക്കും? മൂന്നു ലക്ഷം* 60*60*365




- സൂര്യനെ ചുറ്റുന്ന പാറക്കെട്ടുകൾ ഉണ്ടോ?

ഉണ്ട്. സൗരയൂഥത്തിന്റെ ഏതോ അവിശിഷ്ടങ്ങൾ പോലെ സൂര്യനെ ചുറ്റികൊണ്ടിരിക്കുന്ന വൻ പാറക്കെട്ടുകളാണ് ഛിന്ന ഗ്രഹങ്ങൾ.



ചൊവ്വാഗ്രഹത്തിനും വ്യാഴഗ്രഹത്തിനും ഇടയ്ക്കുള്ള

സ്ഥലത്താണ് ഇവ അധികവും . ഈ അത്ഭുത പാറക്കെട്ടുകൾ 1937 ലും 1949 ലും ഭൂതലത്തിന് സമീപം

ഭീഷണിയുയർത്തിയിട്ടുണ്ട്.

- **എന്താണ് കൊള്ളിമീൻ അഥവ ഉൽക്കകൾ?**



ഓരോ പ്രാവിശ്യവും നക്ഷത്രങ്ങളും ഗ്രഹങ്ങളും സൂര്യന്റെ അടുത്തുകൂടി കടന്നുപേകുമ്പോൾ വാതകങ്ങൾ കുറേശ്ശേയായി നഷ്ടപ്പെടും .ഒടുവിൽ പെടിപടലവും കൽപ്പൊടിയും കൽച്ചീളുകളും ശേഷിക്കും. ഇവ ബഹിരാകാശത്ത് അതിവേഗത്തിൽ ചലിച്ചുകൊണ്ടിരിക്കും. ഭൂമി സൂര്യന് ചുറ്റം തിരിയുമ്പേൾ ഈ പെടിപടലങ്ങളും കൽച്ചീളുകളും വായു മണ്ഡലവുമായി ഉരസും. അപ്പോൾ അവ ചുട്ടുപഴുക്കും ചുട്ടുപഴുത്ത ഇവ അന്തരീക്ഷത്തിലൂടെ താഴോട്ട് നീങ്ങുമ്പോൾ താപനില പിന്നെയും വർദ്ധിക്കും .ഇതാണ് കൊള്ളിമീൻ അഥവ ഉൽക്കകൾ.

- **ഏറ്റവും നീളം കൂടിയ രാപ്പകൽ കാണപ്പെടുന്നതെവിടെ?**

ശുക്രനിൽ ഒരു രാവും പകലും ഏകദേശം 300 മണികകൂർ വരും.ഉദിച്ചാൽ അസ്തമിക്കാൻ വൈകുന്ന പകലുകളും,അസ്തമിച്ചാൽ ഉദിക്കാൻ വൈകുന്ന രാവുകളും ഇതാണ് ശുക്രനിലെ സ്ഥിതി.


- **ഇറങ്ങിയാൽ തിരിച്ചു വരാൻ പറ്റാത്ത സ്ഥലം ഉണ്ടോ ?**

**ഉണ്ട്. വ്യാഴത്തിൽ, അവിടെ ചെന്നിറങ്ങിയാൽ അവിടുത്തെ നിലയില്ലാത്ത ദ്രാവക വാതകാന്തരീക്ഷത്താൽ നാം ആണ്ടു പോകും .ഭൂമിയിൽ 60 കിലോ തൂക്കമുള്ള ഒരാൾക്ക് വ്യാഴത്തിൽ 140 കിലോ തൂക്കമായിരിക്കും.ഭൂമിയിൽ നിവർന്നു നടക്കുന്ന മനുഷ്യന് വ്യാഴത്തിൽ തലകുമ്പിട്ട് നടക്കാൻ പോലും പ്രയാസമാവും.അത്രത്തോളം വലുതാണ് വ്യാഴത്തിന്റെ ഗുരുത്വാകർഷണം.**



---------------------------

അർജ്ജുൻ ടി എം
9B



# എ.പി.ജെ. അബ്ദുൽകലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന [2002-2007] അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന ഡോ.എ.പി.ജെ,അബ്ദുൽകലാം[1931 ഒക്ടോബർ 15 ജൂലൈ 27]. പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ് ദ്ധനും എഞ്ചിനീയറുമായിരിന്ന ഇദ്ദേഹം.തമിഴനാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശഎൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസനകേന്ദ്രം (DRDO) , ബഹിരാകാഗവേഷ ണകേന്ദ്രം (ISRO), ഇടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും,ബാലിസ്റ്റിക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൽകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് ഇന്ത്യയുടെ മിസ്സൈൽ മാനഷ്യൻ എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ ആണവായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

2002-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാ പാർട്ടിയുടെയും പ്രധാന പ്രതിപക്ഷകക്ഷിയായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും പിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തന്റെ ജനകീയനയങ്ങളാൽ , ജനങ്ങളുടെ രാഷ്ട്രപതി എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007-ജൂലൈ-25- ന് സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അഹമ്മദാബാദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻഡോർ എന്നിവിടങ്ങളിൽ അദ്ധ്യാപകനും, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയുടെ വൈസ് ചാൻസലരുമായിരുന്നു.

2020-ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗങ്ങളും ദർശനങ്ങളും ഇന്ത്യ 2020- എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു സാങ്കേതിക വിദ്യാവിദഗ്ദൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെകുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള രാഷടതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു.അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കാനായി ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്ത് നടത്തുന്നുണ്ടായിരുന്നു. 2015-ജൂലൈ -27 ന് 84 ാം വയസ്സിൽ അന്തരിച്ചു.

ആസാദാ നാരായൺ
9A

# പ്രളയത്തിലൂടെ മനുഷ്യർക്ക് ലഭിച്ച തിരിച്ചടി

മലപ്പുറം എന്ന ജില്ലയിൽ പാവപ്പെട്ട ഒരു കുടുംബം ജീവിച്ചിരുന്നു. ആ വീട്ടിൽ അമ്മയും അച്ഛനും രണ്ട് പെൺകുട്ടികളുമാണ് ജീവിച്ചിരുന്നത്. അവ ർ വളരെ കഷ്ടപ്പാട് അനുഭവിക്കുന്ന കുടുംബമായിരുന്നു. സന്തോഷം അനുഭവിക്കേണ്ട അവസരം വരുമ്പോഴും അവരിലൂടെ സങ്കടങ്ങൾ മാത്രമാണ് കടന്നുപോകുന്നത്. അങ്ങനെയിരിക്കെ ഒരു ദിവസം അവരുടെ സങ്കടവും സന്തോഷവും എല്ലാംനഷ്ടപെപടുന്ന ഒരു സംഭവം ഉണ്ടായി, പ്രളയം. കേരളത്തെ ഒരുമിച്ച്  നശിപ്പിച്ചുകൊണ്ടിരുന്ന പ്രളയം. അവരുടെ വീട് നശിച്ചു. പ്രളയംമാത്രമല്ല അന്ന് ആ വീടിനെ ആഘാതമേൽപ്പിച്ചത്. പ്രളയത്തിന്റെ കൂടെ അവിടെ ഉരുൾപ്പൊട്ടലും ഉണ്ടായി. അതിനുമുമ്പേ അവരെ രക്ഷിക്കാൻ അവിടെ സാഹസികതയുടെ കുറച്ച് പേർ വന്നു. നമ്മുടെ സ്വന്തം ഇന്ത്യയുടെ കാവൽക്കാർ. അവർ മാത്രമല്ല കുറച്ചുപോലീസുകാരും കൂടി ചേർന്നാണ് അവരെ രക്ഷിച്ചത്. അവരുടെ പലരുടെയും ജീവൻ ത്യജിച്ച് കൊണ്ടാണ് ആ കുടുംബത്തെ അവർ രക്ഷിച്ചത്.ആ കുടുംബത്തെ അവർ ചേർന്ന് ദുരിതാശ്വാസ ക്യാമ്പിലാക്കി. അവിടെ വച്ച് ആ കുട്ടികൾ പല ജാതിയിലും മതത്തിലുമുള്ളവരെ കണ്ടുമുട്ടി. ആ കുട്ടികളിൽ ഒരാൾ അവരുടെ അച്ഛനോടും അമ്മയോടും പറഞ്ഞു: ഇവിടെ എത്രപേരാണ് ഉള്ളത് പല ജാതിയിലും മതത്തിലും പെട്ടവർ. ഇപ്പോൾ ഒരു അപകടത്തിൽപെട്ടപ്പോൾ ഒരുമിച്ച് താമസിക്കാൻവന്നത് കണ്ടില്ലേ. എല്ലാമനുഷ്യരും തുല്യരാണ് എന്ന് നമ്മളെ ഈ ദുരന്തം മനസ്സിലാക്കി തന്നു. നമ്മൾ ഒരിക്കലും ജാതിയും മതവും നോക്കരുത്. നമ്മളെല്ലാവരും മനുഷ്യരാണ് കേരളീയരാണ് അത് മനസ്സിലാക്കി ജീവിക്കുക. ആ കുട്ടിയുടെ വാക്ക് അവരുടെ അച്ഛനേയും അമ്മയേയും അതിശയപ്പെടുത്തി. പിന്നീട് അവർ അവിടെ സുഖമായി ജീവിച്ചു.

വൽസല കെ കെ
യു പി എസ് എ



# യാത്രാ വിവരണം

## സ്വീഡൻ വിശ്വസ്നേഹത്തിന് വേദിയായപ്പോൾ

കുട്ടികളുടെ അവകാശങ്ങൾ ക്ലാസ്സ്‌റൂമിനകത്തും പുറത്തും എങ്ങനെ സംരക്ഷിക്കപ്പെടണം.[child right in classroom and school management] എന്ന വിഷയവുമായി ബന്ധപ്പെട്ട് 2009 സപ്തംബർ 21മുതൽ ഒക്ടോബർ 9 വരെ " സ്വീഡിഷ് ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസി " [SIDA] യുടെ സ്പോൺസർഷിപ്പിൽ നടന്ന ഒരു അന്താരാഷ്ട്ര പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചപ്പോൾ സന്തോഷത്തോടൊപ്പം അല്പം അങ്കലാപ്പും ഇല്ലാതിരുന്നില്ല. സ്വീഡൻ --എത്ര വിദൂരം !

ഇന്ത്യയ്ക്ക് പുറത്തേക്ക് അന്നുവരെ യാത്രചെയ്തിട്ടില്ല.ആകാശയാത്ര, 11 വ്യത്യസ്ത് രാജ്യങ്ങളിലെ നാൽപ്പതോളം പ്രതിനിധികളോടൊപ്പം 21 ദിവസം,ഭാഷ,വേഷം,ഭക്ഷണം,കാലാവസ്ഥ! ചിന്തകൾ മനസ്സിന് ഭാരം കൂട്ടി. കിട്ടുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻതന്നെ തീരുമാനിച്ചു.

ദക്ഷിണാഫ്രിക്ക,തമിബിയ,ഉഗാണ്ട,മലാവി ,ടാൻസാനിയ,ജോർദാൻ,കൊളംബിയ,ചൈന,ഇന്തോനേഷ്യ,ഇന്ത്യ,സ്വീഡൻ എന്നിവിടങ്ങളിൽ നിന്നായി 40 ഓളം പേർ പരിശീലനത്തിൽ പങ്കെടുത്തു. ഇന്ത്യയുടെപ്രതിനിധിയായി പങ്കെടുത്ത മൂന്നു പേരിൽ ഒരാളാവാൻ കഴിഞ്ഞതിൽഅഭിമാനം തോന്നി.തിരൂർ ഡയറ്റ് ലക്ചറർ,മുണ്ടുപറമ്പ് UP സ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരായിരുന്നു മറ്റു രണ്ടു പേർ.

മൂന്നര മണിക്കൂർ യാത്ര. ഞങ്ങൾ ദോഹയിലെത്തി.മുസ്ലീങ്ങളുടെ വ്രത കാലമായിരുന്നെങ്കിലും സ്വീഡന്റെ ക്ഷണിതാക്കളായ ഞങ്ങൾക്ക് എവിടെയും ഒരു ബുദ്ധിമുട്ടും അനുഭവപ്പെട്ടില്ല. ദോഹയിൽ നിന്ന് മ്യൂണിച്ച്.രാത്രി മുഴുവൻ ആകാശയാത്ര ജർമ്മനിയിലിറങ്ങുമ്പോൾ തണുപ്പിന്റെ കാഠിന്യം കൂടിയിരുന്നു.കൂടെക്കരുതിയ കമ്പിളി ഉടുപ്പുകൾ തണുപ്പിന് ആശ്വാസമായി. കോപ്പൻഹേഗൻ_ലക്ഷ്യമാക്കിയുള്ള അടുത്ത യാത്ര ആരംഭിച്ചു.

മലയാള ഭാഷക്ക് വിരാമമിട്ട് കൊണ്ട് ഞാൻ സഹയാത്രികരുമായി കുശലാന്വേഷണം തുടങ്ങി. കൂടെയുള്ള രണ്ട് മലയാളികൾ അല്പം ഒരാശ്വാസംപകർന്നു.വളരെ ശാന്തമായി നില്ക്കുന്ന യാത്രക്കാരെ കണ്ടപ്പോൾ ഒരു വേള ഞാൻ നമ്മുടെ സഹോദരരെ ഓർത്തു പോയി. എന്തിനും മുന്നിലെത്താനുള്ള അവരുടെ ആവേശം ഒറ്റനോട്ടത്തിൽ തന്നെ ഇൻഡ്യക്കാരിയെ തിരിച്ചറിഞ്ഞ വിദേശികൾ ഇൻഡ്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ വിദ്യാഭ്യാസ രീതികൾ ചോദിച്ചറിയാൻ താല്പര്യം പ്രകടിപ്പിച്ചു. തട്ടിയും മുട്ടിയും ആംഗലേയ ഭാഷയിൽ വിവരങ്ങൾ പങ്കുവെക്കാൻ ശ്രമിച്ചു.

അടുത്ത ദിവസം ഉച്ചയോടു കൂടി ഞങ്ങൾ ഡെൻമാർക്കിലെ കോപ്പൻഹേഗനിൽ എത്തിച്ചേർന്നു. ഞങ്ങളെ സ്വീകരിക്കാനായി SIDA ഏർപ്പെടുത്തിയ ഒരു ടീം വിമാനത്താവളത്തിലെത്തിയിരുന്നു.

സ്വീഡനെയും ഡെൻമാർക്കിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഏറ്റവും വലിയ പാലത്തിലൂടെ ഞങ്ങളുടെ കാർ 'ലുൻഡി'ലുള്ള ഹോട്ടൽ 'സ്പാർട്ട' ലക്ഷ്യമാക്കി ഓടി. 'ലുൻഡ് ' യൂണിവേഴ്സിറ്റിയിലെ രണ്ടു പ്രതിനിധികൾ ഞങ്ങളെ സ്വീകരിക്കാൻ അവിടെ എത്തിയിരുന്നു. വൈകുന്നേരത്തോടെ എല്ലാവരും എത്തിച്ചേർന്നു. പരസ്പരം പരിചയപ്പെടാൻ ഭാഷ വലിയ തടസ്സമല്ലെന്ന് തിരിച്ചറിഞ്ഞ നിമിഷം!.

ഗവേഷണത്തിനു ഉപരിപഠനത്തിനുമുള്ള സ്കാൻഡിനേവിയയിലെ ഏറ്റവും വലിയ സ്ഥാപനം-1668 ൽ സ്ഥാപിതമായ 'ലുൻഡ്'യൂണിവേഴ്സിറ്റി.ഞങ്ങൾക്കുള്ള ക്ലാസ്സുകൾ അവിടെയായിരുന്നു.സ്വീഡിഷ് അദ്ധ്യാപകരായിരുന്നു ക്ലാസ്സുകൾ കൈകാര്യം ചെയ്യ്തത്.യൂണിവേഴ്സിറ്റി പ്രൊഫസർ ആയ മിസ്റ്റർ പെർവിക്കൻബെർഗ് ആയിരുന്നു ഇന്ത്യയുടെ മെൻഡർ.ഹോട്ടലിൽ നിന്ന് യൂണിവേഴ്സിറ്റിയിലേക്ക് ഒന്നര കിലോമീറ്റർ ദൂരം.രാവിലെയുള്ള നടത്തം അതികഠിനമായ തണുപ്പിന് ആശ്വാസമായി.

സ്വീഡനിലെ ഭക്ഷണം ഞങ്ങൾക്ക് നിർവികാരമായി അനുഭവപ്പെട്ടു.സുഗന്ധവ്യഞ്ജനങ്ങളുടെ അമിതോപയോഗം ഞങ്ങൾക്ക് സ്വീഡൻ ഭക്ഷണം അരോചകമായി തോന്നാൻ കാരണമായി.ഭക്ഷണത്തിന്റെ ഈ നിർവികാരത ആരോഗ്യകരമാണെന്ന തിരിച്ചറിവ് അതുമായി പൊരുത്തപ്പെടാനുള്ള ശ്രമത്തിന് ആക്കം കൂട്ടി.അടുത്തുള്ള ഹോട്ടലിൽ ഒരുക്കിയ സ്വീഡിഷ് കലാകാരൻമാരുടെ കലാവിരുന്നിലൂടെ അവർ ഞങ്ങൾക്ക് സ്വാഗതമേകി.ജീവിതം ആസ്വദിച്ചു തീർക്കണമെന്നു വിശ്വസിച്ച

സ്വീഡൻകാർ ഞങ്ങൾക്കും അതിനുള്ള അവസരങ്ങൾ ഒരുക്കിതന്നു.യാത്രകൾ ബൗളിംഗ് എന്നിവ ഉത്തമ ഉദാഹരണങ്ങൾ.

പരിശീലനത്തിനിടത്ത് രണ്ടു ദിവസം അവിടത്തെ സ്കൂളുകൾ സന്ദർശിക്കാൻ അവസരം ലഭിച്ചു. കുട്ടികൾ വളരെ ഊർജ്ജസ്വലരായി കാണപ്പെട്ടു.ശാരീരിക വളർച്ചയിൽ അവർ ഞങ്ങളെ അത്ഭുതപ്പെടുത്തി മറ്റു രാജ്യങ്ങളെക്കുറിച്ച് കൂടുതലായി ചോദിച്ചറിയാനുള്ള അവരുടെ ഉത്സാഹംഞങ്ങളിൽ ആവേശം ഉണർത്തി.പ്രവർത്തനാധിഷ്ഠിതമായ ക്ലാസ്സുകളിൽ ടി വി, മൾട്ടിമീഡിയ,ലൈബ്രറി തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടായിരുന്നു.

ജീവിതത്തിലുടനീളം സമയനിഷ്ഠക്ക് പ്രാധാന്യം നല്കുന്ന സ്വീഡനിലെ വിദ്യാലയങ്ങളിൽ ബെല്ലുകൾക്ക് സ്ഥാനമില്ല എന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി.മണി മുഴങ്ങാത്ത വിദ്യാലയങ്ങളിൽ അവർ പാലിക്കുന്ന സമയക്രമം മാതൃകാപരമാണ്. ആഴ്ചയിലെ അഞ്ച് പ്രവർത്തി ദിനങ്ങളും ആരംഭിക്കുന്നതും അവസാനിക്കുന്നതും വ്യത്യസ്ത സമയങ്ങളിലാണ്. കുട്ടികളെ വ്യക്തിഗതമായി ശ്രദ്ധിക്കുന്നതിന് വേണ്ടി ഒരേ സമയം രണ്ടും മൂന്നും അധ്യാപകർ ചേർന്ന് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. യൂനിഫോം എന്ന ആശയത്തിനോട് തീർത്തും എതിരാണ് ഇവിടത്തെ ജനത. വർണ്ണാഭമായ പൂമ്പാറ്റകളെ പോലെ കുട്ടികൾ സ്കൂളുകളിലെങ്ങും പാറിപ്പറന്ന് നടക്കുന്നു. സൗജന്യമായി സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന പോഷകസമൃദ്ധമായ ഉച്ചഭക്ഷണം അധ്യാപകരും കുട്ടികളും ഒരുമിച്ചിരുന്ന് കഴിക്കുന്ന രീതി അവർക്കിടയിലെ അടുപ്പത്തിന്റെ തീവ്രത കൂട്ടുന്നു.

മാലിന്യങ്ങൾ ഇനം തിരിച്ച് സംസ്കരിക്കുന്ന രീതി എവർക്കും മാതൃകയാക്കാവുന്നതാണ്. സ്കൂൾ ഇൻസ്പെക്ഷൻ ,അദ്ധ്യാപക നിയമനം ഗുണമേന്മ ഉറപ്പു വരുത്തൽ എന്നിവയെല്ലാം മുൻസിപ്പാലിറ്റിയുടെ ചുമതലയാണ്. നികുതിയിനത്തിൽ കണ്ടെത്തുന്ന പണത്തിന്റെ വലിയൊരു ഭാഗം കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും ഒരേ പാഠ്യപദ്ധതി പിന്തുടരുന്നു.പഠന മാധ്യമം സ്വീഡിഷ് ഭാഷയാണെങ്കിലും കുടിയേറ്റക്കാരായ കുട്ടികളെ അവരുടെ മാതൃഭാഷ പരിശീലിക്കാനായി സ്കൂളുകളിൽ വെവ്വേറെ ഭാഷാധ്യാപകരുണ്ട് എന്നത് കൗതുകമുണർത്തി .നമ്മൾ മലയാളികളാണ് മാതൃഭാഷയെ തള്ളിപ്പറയുന്നവർ. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിലും അദ്ധ്യാപകരുടെ ശമ്പള നിർണ്ണയം ,സ്ഥാനക്കയറ്റം എന്നിവക്ക് അടിസ്ഥാനം മികച്ച പ്രകടനം തന്നെ. കഴിവ് തെളിയിച്ചവർക്ക് മാത്രമേ അധികാരസ്ഥാനങ്ങൾ സ്വപ്നം കാണാൻ പറ്റൂ.

ഭൂരിഭാഗം ആളുകളും യാത്രക്കായി സൈക്കിൾ ഉപയോഗിക്കുന്നു. കാലാവസ്ഥയും നിരപ്പായ ഭൂപ്രകൃതിയുമാകാം ഇതിന് കാരണം.സൈക്കിളിനു പോകാൻ പ്രത്യേക പാത തന്നെയുണ്ട്,ഗതാഗതക്കുരുക്ക് സ്വീഡൻ ജനതക്ക് അപരിചിതം.

വൃദ്ധൻമാർ, സ്ത്രീകൾ ,കുട്ടികൾ എന്നുവേണ്ട എല്ലാവരും കടിഞ്ഞാണുകളില്ലാത്ത സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു ലോകം .ഒഴിവു സമയങ്ങൾ ആടിയുംപാടിയും ആനന്ദകരമാക്കാൻ വൃദ്ധൻമാർ പോലും കാണിക്കുന്ന ഉത്സാഹം ഞങ്ങളെ അദ്ഭുതപ്പെടുത്തി. അതായിരിക്കാം ഒരു പക്ഷെ വൈകിയ വേളയിലും അവരുടെ ചുറുചുറുക്കിന്റെ രഹസ്യം.

അടിച്ചു തുടച്ചിട്ട വീടിനോട്, സ്വീഡനിലെ സിറ്റിയെ തുല്യപ്പെടുത്തുന്നതിൽ തെറ്റില്ല. ലോകത്തിൽ തന്നെ ശുചിത്വത്തിൽ മുന്നിട്ട് നിൽക്കുന്ന രാജ്യമാണ് സ്വീഡനെന്നറിഞ്ഞപ്പോൾ അദ്ഭുതം തോന്നിയില്ല.

വഴിയോരങ്ങളിലായി തുടുത്തു പഴുത്തു നിൽക്കുന്ന ആപ്പിൾ മരങ്ങൾ. വീണു കിടക്കുന്ന ആപ്പിളുകൾ കണ്ട് അത്ഭുതം കൂറിയെങ്കിലും അതിനായി തിടുക്കം കൂട്ടുന്ന കുട്ടികളെ കാണാൻ കഴിഞ്ഞില്ല. സപ്റ്റംബർ മാസം അവിടുത്തെ വസന്തകാലമാണ്. മരങ്ങളും ചെടികളും നിറച്ചാർത്തണിയുന്ന കാലം. ഇത്തരം കാഴ്ചകൾ ക്യാമറയിൽ ഒപ്പിയെടുക്കാനും ഞാൻ മറന്നില്ല. ഒരു മണിക്കൂർ നീണ്ട ബോട്ടുയാത്ര കോപ്പൻഹേഗന്റെ സൗന്ദര്യം ആസ്വദിക്കാൻ സഹായകമായി. സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക് ഹോം കാണാൻ നാലു ദിവസത്തെ യാത്ര- ഞങ്ങളുടെ പരിശീലനത്തിന്റെ ഭാഗമായിരുന്നു. നോബേൽ സമ്മാനം വിതരണം ചെയ്യുന്ന സിറ്റി ഹാളിനടുത്താണ് ഞങ്ങൾക്ക് താമസം ഒരുക്കിയത്. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശധാരകളാൽ വിസ്മയം തീർത്തുകൊണ്ട് നിൽക്കുന്ന സിറ്റി ഹാളിന് ധാരാളം പേരുടെ അവാർഡ് ദാനത്തിന് സാക്ഷ്യം വഹിച്ച ഗാംഭീരവുമുണ്ടായിരുന്നു.

ഒരു ദിവസത്തെ അത്താഴവിരുന്ന് ഞങ്ങൾക്ക് മെൻഡേർസിന്റെ വീട്ടിലായിരുന്നു.അവിടത്തെ വീട്ടുകൾക്ക് ചുറ്റുമതിലുകളോ ഗേറ്റോ ഇല്ല.

വീട്ടിൽ നിന്ന് നേരെ വഴിയോരത്തേക്കിറങ്ങുന്ന രീതി അവരുടെ സ്വാതന്ത്ര്യത്തിന്റെയും വിശാലമനസ്കതയുടെയും മറ്റൊരു തെളിവാകുന്നു. ഏറെ ശ്രമിച്ചിട്ടും അവിടുത്തെ ഭക്ഷണവുമായി പൊരുത്തപ്പെടാൻ ഞങ്ങൾ പ്രയാസപ്പെട്ടു.

ഇരുപത്തൊന്നു ദിവസം പറന്നുപോയതറിഞ്ഞില്ല. ഒക്ടോബർ 9. ഞങ്ങൾക്ക് വിടപറയാൻ സമയമായി. രാത്രി, വളരെ ദൂരെയുള്ള ഒരു ഹോട്ടലിൽ ഞങ്ങൾക്കുള്ള യാത്രയയപ്പ് പരിപാടി ഒരുക്കിയിരുന്നു. നന്ദി പറയൽ ചടങ്ങിനുപകരം എല്ലാരാജ്യക്കാരും അവരവരുടെ തനതു കലാപ്രകടനങ്ങൾ കാഴ്ചവെച്ചുകൊണ്ട് യാത്രാമൊഴിയേകി. രാത്രി 12 മണിക്ക് പാർട്ടികഴിഞ്ഞു മടങ്ങുമ്പോൾ എല്ലാവർക്കും ഉള്ളിൽ ഒരു വിങ്ങൽ അനുഭവപ്പെട്ടു. ഇരുപത്തൊന്നു ദിവസം കൊണ്ട് ഞങ്ങൾ കെട്ടിപ്പൊക്കിയ സൗഹൃദം അത്രയ്ക്ക് വലുതായിരുന്നു.

രാവിലെ ഞങ്ങളുടെ കാർ കോപ്പൻഹേഗനെ ലക്ഷ്യമാക്കി നീങ്ങി. ജീവിതത്തിൽ വന്നു ചേർന്ന, മറക്കാനാവാത്ത ഈ സൗഭാഗ്യത്തിന് മനസ്സിൽ നന്ദി പറഞ്ഞുകൊണ്ട് 8 മണിക്കുള്ള ഫ്ലൈറ്റിൽ ഇടം പിടിച്ചു. എത്യോപ്യയിൽ നടക്കുന്ന രണ്ടാം ഘട്ട പരിശീലനത്തിൽ എല്ലാവരെയും കാണാമെന്ന പ്രതീക്ഷയുമായി ഞങ്ങൾ സ്വീഡനോട് വിടപറഞ്ഞു. കോഴിക്കോട് കരിപ്പൂരിൽ വിമാനമിറങ്ങുമ്പോൾ ഒരു ലോകം കീഴടക്കിയ സന്തോഷമായിരുന്നു.


LUNDS UNIVERSITET
Kv. Paradis

ജൂന ജെ എൻ
എച്ച എസ് എ നാച്വറൽ സയൻസ്



# ബയോ-ഇൻഫർമാറ്റിക്സ്

ജീവന്റെ വിവരസാങ്കേതിക പഠനമാണ് ബയോ-ഇൻഫർമാറ്റിക്സ്.അതായത് വിവര_സാങ്കേതികവിദ്യയും ജൈവസാങ്കേതികവിദ്യയും പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന ഒരു നൂതന വൈദ്യശാസ്ത്രാനുബന്ധ ശാഖയാണ് ബയോ ഇൻഫർമാറ്റിക്സ്.

ജീവന്റെ ഉള്ളിൽ എന്തെങ്കിലും വിവരത്തിന്റെ അംശം ഇരിപ്പുണ്ടോയെന്നും നമ്മളെ നമ്മളാക്കുന്ന നമ്മുടെ ശരീരത്തിന്റെ അടിസ്ഥാനഘടകങ്ങളായ കോശങ്ങൾക്കുള്ളിൽ നമ്മൾ എന്താവണമെന്ന വിവരം രേഖപ്പെടുത്തി വെച്ചിട്ടുണ്ടെങ്കിൽ അത് കമ്പ്യൂട്ടർ ഉപയോഗിച്ച് പഠിച്ചാൽ നമ്മുടെ ശരീരപ്രകൃതിയെയും,രോഗങ്ങളെയും,കഴിവുകളെയും കുറിച്ച് അറിയാൻ കഴിയും. ജീവനെ കുറിച്ചുള്ള ബഹുമുഖ വീക്ഷണങ്ങളിൽ ഒരു പഠനമാണ് ഇത്.

ഭാവിയിൽ സജീവ സാന്നിധ്യം പ്രകടമാക്കുന്ന തരത്തിൽ വിപ്ലവകരമായ പുരോഗതി ബയോ ഇൻഫർമാറ്റിക്സ് നേടിത്തരുമെന്നതിൽ സംശയമില്ല.ആധുനികവും മെച്ചപ്പെട്ടതുമായ ഔഷധങ്ങളുടെ രൂപകൽപ്പനയിലും പൂർണതോതിലുള്ള രോഗശമനം സാധ്യമാക്കുന്ന ചികിൽസാ രീതികൾ പ്രാവർത്തികമാക്കുന്നതിലും മാത്രമല്ല ജീവനെ സംബന്ധിച്ച അടിസ്ഥാന ധാരണ രൂപപ്പെടുത്തുന്നതിൽ പോലും ഒട്ടേറെ സംഭാവനകൾ നൽകുവാൻ ഈ വിഷയത്തിനു കഴിയും.

ഈ നൂറ്റാണ്ടിന്റെ മുന്നേറ്റം ജൈവ സാങ്കേതിക വിദ്യയുടെ സംയോജിത ഗവേഷണങ്ങളുടെ പരിണതഫലമായിരിക്കും. ഗണിതശാസ്ത്രം, കംപ്യൂട്ടർ സയൻസും വിവര സാങ്കേതികവിദ്യയും, ജീവശാസ്ത്രം എന്നീ പ്രധാന ശാസ്ത്രശാഖകളുടെ സംഭാവനകളെ കൂട്ടിയിണക്കുകയാണ് ബയോ ഇൻഫർമാറ്റിക്സ്. അതായത് ഇത് ഒരു ഇന്റർ ഡിസിപ്ലിനറി മേഖലയാണ്. ജീവശാസ്ത്രത്തിൽ തന്നെ ഇവിടെ പ്രാധാന്യമർഹിക്കുന്നത് ബയോ കെമിസ്ട്രി, മോളിക്കുലർ ബയോളജി, ജനിറ്റിക് എൻജിനീയറിങ്, ബയോ-സ്റ്റാറ്റിസ്റ്റിക്സ്, ജൈവ സാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളാണ്. വിദേശ രാജ്യങ്ങളിലെ കംപ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫർമാറ്റിക്സിനു തുല്യം തന്നെ.ജൈവ വിവരശേഖരണത്തിലും അപഗ്രഥനത്തിലും ക്ലോണിങ് മുതൽ ജീവജാലങ്ങളിൽ ഉപകാരപ്രദമായ മാറ്റങ്ങൾ വരുത്തുവാനും ജനുസ്സുകൾ കൂട്ടിക്കലർത്തുവാനുമുള്ള സാധ്യതകൾവരെ ഈ രംഗത്ത് തെളിയിക്കപ്പെട്ടുകഴിഞ്ഞു. ബയോഇൻഫർമാറ്റിക്സിൽ ആവശ്യമായ സംഗതികൾ ഇന്ത്യയ്ക്ക് വികസിപ്പിക്കാനാവും. ബയോടെക്നോളജിയുടെ പ്രയോഗത്തിൽ വൻ പുരോഗതിയുണ്ടാവുന്നതിന് ഭാവിയിൽ ഇത് സഹായിക്കും.



ഗാന്ദിനി.ഇ.സി

യു പി എസ് എ

# പുഴനൊമ്പരമാകുമ്പോൾ

പുഴയുടെ ചില്ലിട്ട
ചിത്രവുമായ്
ഒരു വിലാപയാത്ര
കടന്നു പോകുന്നു
എതിരെ വന്ന
ലോറിയിൽ നിന്നും
ചിതറി വീണത്
പുഴയുടെ
കണ്ണു നിരായിരുന്നോ?
അകലെ ........
വേഴാമ്പലുകൾ
   മരുപ്പച്ചകൾ
തേടി പറന്നകന്നു
നിരത്തി വച്ച
കുപ്പികൾ ക്കുള്ളിൽ
അവളുടെ മാനം
വില പേശി
വിലക്കപ്പെട്ടുമ്പോൾ
വിഷം  വിഴുങ്ങിയ
മീനുകൾക്കും
വിപണിയിൽ

മോഹവില പറയുന്നു.
മുങ്ങി കുളിക്കാൻ
വന്നവർ അടക്കം പറഞ്ഞു.
പുഴയ്ക്ക് ശവം നാറിപ്പൂക്കളുടെ മണം.
പുഴയുടെ സ്വപ്നങ്ങൾ
ചാരം നിറം പൂണ്ട്
നീല വിഹായസ്സിൽ
കറുത്ത ചിത്രങ്ങൾ
കോറിയിടുമ്പൾ
മനസ്സ് മലിന ഭാണ്ഡങ്ങൾ
ചുമന്നു കിതക്കുന്നു
പകൽ ചൂടിൽ കരിയുന്ന
മോഹങ്ങൾക്കുമേൽ
ദുരന്തം ചെയ്യുമ്പോൾ
ഓർമ്മകൾ വ്രണിതമാക്കുന്നു.
പുഴ നഷ്ട വസന്തമായ്
അശാന്തിയുടെ തീരങ്ങളിൽ
അഗ്നിപുഷ്പങ്ങൾ വർഷിക്കുന്നു
പരിദേവനങ്ങൾ ഏറ്റുവാങ്ങി
പുഴ യാത്രയാക്കുമ്പോൾ
കാലമുണക്കാത്ത
മുറികളിലൂടെ ലാഭകൊതിയുടെ
രഥചക്രങ്ങൾ
കുതിച്ചു പായുന്നു
മറവിയിയുടെ ഇരുളിലേയ്ക്ക്
ഊർന്നിറങ്ങുന്ന പുഴ
നിറഞ്ഞ മനസ്സുകളിലൂടെ
കുത്തിയൊഴുകുന്നു.
വരണ്ടുണങ്ങിയ
ചുണ്ടുകളകൾ വിതുമ്പി...
മോക്ഷ ദയനിയായ
പുഴ പുനർജ്ജനിക്കും.
ചൂട്ടു കാറ്റായ്
അഗ്നി നാളങ്ങളായ്
ഉഷ്ണ പ്രവാഹങ്ങളായി.....

സീന സി
എച്ച് എസ് എ മലയാളം



# പുലർകാലസ്വപ്നം

*നിറഞ്ഞൊഴുകുമീ നിളയെ ഞാനിന്നു ,
പുലർകാലേ നിനവിൽ കണ്ടു ,
കളകളമൊഴുകി എന്നോടവൾ ,
കാതിൽ കിന്നാരമോതിയരികെ നിന്നു.
എത്രകാലം താപം ചെയ്തു ഞാൻ ,
ഇരുകരയാലെൻ കൈകൾ തൊട്ടുവാൻ,
ഹൃത്തിലൊളിപ്പിച്ച് കണ്ണീർച്ചാലായി ,
കീറിമുറിഞ്ഞൊരി വഴിത്താരയായി ,
വർഷങ്ങൾ നീണ്ടൊരിയാതനകൾ ,
മറന്നിടട്ടെ ഇനിയുള്ള നാളിൽ.
ഓളങ്ങൾ വീണമീട്ടുമി മണൽത്തീരത്ത് ,
എന്നെ തിരഞ്ഞൊരി കാൽപ്പട്ടുകളെ ,
ആർദ്രമീ മിഴിയാൽ ഓർത്തീടവേ .
എത്രയോ ഭാവനകൾ കൗതുകം പൂണ്ടവയെ ,
എൻ സ്നേഹ നിശ്വാസത്താൽ തലോടിയുറക്കി
എനിക്കായി നിറഞ്ഞൊരീ കണ്ണുനീർത്തുള്ളികളെ
സ്നേഹച്ചിപ്പിയിലെ മുത്തായി നിനക്കേകീടുന്നു.
നിലാവിൽ ചന്തംപൂണ്ടൊരി വെള്ളിക്കൊലുസ്സുമായി
ഒഴുകിയൊഴികി സാഗരഹൃദന്തത്തിലണഞ്ഞിടട്ടെ
ഉണർന്നെങ്കിലും സഫലമാകുന്നൊരി
മധുരസ്വപ്നത്തിനായി കാത്തിരിപ്പൂ......*

ദീപാഞ്ജലി എം

എച്ച് എസ് എ ഗണിതം



# പാസ്കൽ-ആദ്യത്തെ കണക്കു കൂട്ടൽയന്ത്രം കണ്ടുപിടിച്ച ഗണിതശാസ്ത്രജ്ഞൻ

ഫ്രഞ്ച് പ്രവിശ്യയായ അവേർജിനിലെ ക്ലേർമോണ്ട് നഗരത്തിൽ 1623 ജൂൺ 19 ന് ജനിച്ചു.12 വയസ്സുള്ളപ്പോൾ ഒരു ദിവസം പാസ്കൽ തന്റെ പിതാവിനോട് ഒരു സംശയം ചോദിച്ചു.ക്ഷേത്രഗണിതം എന്നാൽ എന്ത്?എന്നതായിരുന്നു സംശയം.അൽപ്പം വൈമനസ്യത്തോട് കൂടിയെങ്കിലും പിതാവ് മറുപടി കൊടുത്തു.ത്രികോണം,വൃത്തം തുടങ്ങിയ ചിത്രങ്ങൾ കൃത്യമായി വരയ്ക്കാനും അവയുടെ അംശങ്ങൾ തമ്മിലുള്ള അനുപാതം നിർണ്ണയിക്കുവാനുമുള്ള മാർഗമാണ് ക്ഷേത്രഗണിതം എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇക്കാര്യത്തെപ്പറ്റി കൂടുതലൊന്നും ചിന്തിക്കേണ്ടതില്ല എന്നൊരു താക്കീതും അദ്ദേഹം നൽകി.അവ്യക്തമായ ഈ പ്രസ്താവന പാസ്കലിന്റെ മസ്തിഷ്കത്തെ ഉത്തേജിപ്പിച്ചു.ഒഴിവുസമയങ്ങളിൽ ആരും കാണാതെ കരിക്കട്ടകൊണ്ട് ത്രികോണങ്ങൾ,വൃത്തങ്ങൾ മുതലായവ വരച്ചുനോക്കി അവയുടെ പ്രത്യേകതകളെപ്പറ്റി ചിന്തിക്കുകയായിരുന്നു പാസ്കലിന്റെ വിനോദം.

ക്ഷേത്രഗണിതത്തിലെ നിരവധി സൂക്തങ്ങളും അവയുടെ തെളിവുകളും അദ്ദഹം കണ്ടെത്തി.ഒരു ത്രികോണത്തിന്റെ കോണുകളുടെ തുക രണ്ട് സമകോണുകളാണെന്നുള്ളത് ഇവയിലൊന്നായിരുന്നു.ഒരു കോണികത്തിൽ ആലേഖനം ചെയ്യപ്പെടുന്ന ഷഡ്ഭുജത്തിന്റെ വശങ്ങൾ നീട്ടിയാൽ അവ ഒരു ഋജുരേഖയിലുള്ള ബിന്ദുക്കളിൽ അന്യോന്യം ഖണ്ഡിക്കുമെന്നുള്ള പ്രക്ഷേപീയ ജാമിതിയിലെ അതി പ്രധാന സൂത്രവും അതിന്റെ 400 ഓളം ഉപസിദ്ധാന്തങ്ങളും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലുണ്ട്.

പത്തൊമ്പതാമത്തെ വയസ്സിൽ പാസ്കൽ ലോകചരിത്രത്തിലെ ആദ്യത്തെ കണക്കുകൂട്ടൽയന്ത്രം കണ്ടുപിടിച്ചു.കമ്പ്യൂട്ടർ യുഗം അങ്ങനെ ഉദ്ഘാടനം ചെയ്യപ്പെട്ടു. 'ക്ഷേത്രഗണിതത്തിലെ ഹെലൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന (സൈക്ലോയിഡ്) എന്ന ഗണിതീയവക്രം ഗണിതത്തിലും ഭൗതികശാസ്ത്രത്തിലും വാസ്തുശിൽപ്പരംഗത്തും സുപ്രസിദ്ധമാണ്.

"MATHEMATICS IS THE LANGUAGE WITH WHICH GOD WROTE THE UNIVERSE".

GALILEO.



# പ്രവേശനോത്സവം


സ്കൂൾ  പ്രവേശനോത്സവം വളരെ സമുചിതമായി ആഘോഷിച്ചു.







# ചാന്ദ്രദിനം







5.
വെള്ളത്തിലിടുകയാണെങ്കിൽ






acer

# സ്വാതന്ത്ര്യദിനാചരണം

**സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ വളരെ നല്ല രീതിയിൽ നടന്നു**



# പ്രളയദുരിതാശ്വാസ പ്രവർത്തനം










# സി സി സി

## കസ്റ്റംസ് കേഡറ്റ് കോർപ്പ്സ്

( കോഴിക്കോട് യൂണിറ്റ് കസ്റ്റംസ് ഡിപ്പാർട്ട്മെന്റ് )

ആർമിയുടെ കീഴിൽ NCC യും പോലീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ SPC യും സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.അതു പോലെയാണ് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കസ്റ്റംസ് കേഡറ്റ് കോർപ്പ്സ് എന്ന സംഘടന ആരംഭിച്ചത്.എർണാകുളത്ത് മരട് ഗവർമെണ്ട്സ്കൂളിലാണ് ആദ്യമായി C C C ആരംഭിച്ചത്.പിന്നീട് തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തനം വ്യാപിപ്പിച്ചു.കോഴിക്കോട് ജില്ലയിൽ നമ്മുടെ കാരപ്പറമ്പ് ഗവർമെണ്ട് സ്കൂളിലാണ് C C C ആദ്യമായി ആരംഭിച്ചത് എന്നത് അഭിമാനാർഹമായ കാര്യമാണ്.

പ്രിസം പദ്ധതിയിലുൾപ്പെടുത്തി അന്താരാഷ്ട്രനിലവാരത്തിലേക്കുയർന്നുകൊണ്ടിരിക്കുന്ന നമ്മുടെ സ്കൂളിനെ സംബന്ധിച്ച് ഇത് ഒരു വലിയ അംഗീകാരമാണ്. ബഹുമാനപ്പെട്ട ശ്രീ പ്രദീപ് കുമാർ എം എൽ എ യുടെ പരിശ്രമത്തിന്റെ ഭാഗമായാണ് അത് നേടിയെടുക്കാനായത്.C CC യുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ,വ്യക്തിത്വ വികസനം ,സ്കിൽ ഡവലപ്മെന്റ് എന്നിവയിൽ ബന്ധപ്പെട്ട പരിശീലകരുടെ ക്ലാസ്സുകൾ നടത്തി വരുന്നു.എല്ലാ ശനിയാഴ്ചകളിലും കായികപരിശീലനം ( പരേഡ്) അച്ചടക്ക ബോധം വളർത്തുന്നതിനും വ്യക്തിത്വ വികാസം നേടിയെടുക്കുന്നതിനും സഹായകമായ ക്ലാസ്സുകളാണ്.

വിജിലൻസ് അവയർനസ്സ്പ്രോഗ്രാം ഡയറക്ടർ കെ എൻ രാഘവൻ, ഐ ആർ എസ് ( കമ്മീഷണർ ജി എസ് ടി മുംബൈ) സാറിന്റെ ക്ലാസ്സുകൾ സ്വച്ഛ് ഭാരത് ,ബീച്ച് ശുചീകരണ പ്രവർത്തനങ്ങൾ ആറളംവന്യജീവി സങ്കേതത്തിലേക്കുള്ള പ്രകൃതിപഠന ക്യാമ്പ് ,അവധിക്കാല ക്യാമ്പ് (ആലുവ ,എടത്തല), വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങിയവ 2018-19 അധ്യായന വർഷത്തിൽ സ്കൂളിൽ നടന്ന പ്രധാന പ്രവർത്തനങ്ങളാണ്.









# ജെ ആർ സി









# ലിറ്റിൽകൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വളരെ ഊർജിതമായി നടന്നു കൊണ്ടിരിക്കുന്നു.ലിറ്റിൽകൈറ്റ്സിൽ 3 അംഗങ്ങളുണ്ട്.കൈറ്റ് മിസ്ട്രസുമാർ ജുനടീച്ചറും ബിനിടീച്ചറുമാണ്.











# ഗാന്ധിജയന്തി


ഗാന്ധിജയന്തി
ഒക്ടോബർ 2
ഗാന്ധിജിയുടെ 150-ാം ജന്മദിനം
ആഘോഷപരിപാടികൾ
സെപ്തംബർ 26 മുതൽ
ഒക്ടോബർ 2 വരെ
മഹാത്മാ ഗാന്ധി
NATIONAL NAI TALIM WEEK
ജന്മദിനം
മത്സര ഇനങ്ങൾ
ചിത്രരചന
ഉപന്യാസം
പോസ്റ്റർ


ദേശീയ നയീതാലിം വാരാഘോഷം
പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.
നൂതന വിദ്യാഭ്യാസ പദ്ധതി
1. സ്റ്റാഫ് മീറ്റിങ്ങ്
2. സ്കൂൾ സ്പെഷ്യൽ അസംബ്ലി
3. സ്കൂൾ ശുചീകരണ പ്രവർത്തന



# സ്പോർട്സ്










honor 9











# ഒ ആർ സി

## സ്മാർട്ട് 40 ക്യാമ്പ്



# പരിസ്ഥിതി ക്ലബ്ബ്

2018-19 വർഷത്തെ പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ കുട്ടികൾക്കായി വിതരണം ചെയ്തു.ജന്തുജന്യ രോഗങ്ങളെക്കുറിച്ച് ടാഗോർ സെൻറിനറി ഹാളിൽ വെച്ച് നടന്ന ഏകദിന ശില്പശാലയിൽ കുട്ടികളെ പങ്കെടുപ്പിച്ചു സ്കൂൾ ശുചീകരണ പ്രവർത്തനങ്ങൾ ഗാന്ധിജയന്തിയോടനുബന്ധിച്ച് നടത്തി വരുന്നു.

അന്താരാഷ്ട്രാ ഗജദിനത്തോടനുബന്ധിച്ച് കോഴിക്കോട് മാത്തോട്ടം വനശ്രീയിൽവെച്ച് നടന്ന വിവിധ മത്സരങ്ങളിലും ക്ലാസ്സുകളിലും കുട്ടികളെ പങ്കെടുപ്പിച്ചു.







# ലഹരി വിരുദ്ധ ക്ലബ്ബ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ജെ ഡി റ്റി ഇസ്ലാം പോളിടെക്നിക്കിൽ വെച്ച് നടന്ന ഏകദിന ശില്പശാലയിൽ കുട്ടികളെ പങ്കെടുപ്പിച്ചു.സ്കൂളിൽ ലഹരി വിരുദ്ധ ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നു. ഹൈസ്കൂൾ മുതൽ +2 വരെയുള്ള കുട്ടികൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.ഒ ആർ സി യുടെ നേതൃത്വത്തിലും കുട്ടികൾക്ക് കൗൺസലിംഗ് നടത്തി വരുന്നു.ഒ ആർ സി യുടെ സ്മാർട്ട് 40 ദ്വിദിന ക്യാമ്പ് സ്കൂളിൽ വെച്ച് നടത്തി,

# സൈക്കോ സോഷ്യൽ കൗൺസിലിംഗ്

ആധുനിക കാലഘട്ടത്തിന്റെ സംഭാവനകളായ മാനസിക സംഘർഷങ്ങളും ആത്മഹത്യാ പ്രവണതകളും കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യുവതലമുറയിൽപ്പെട്ട കൗമാരക്കാർക്ക് കൗൺസലിംഗ് നിത്യജീവിതത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും തരണം ചെയ്ത് സന്തോഷപ്രദമായ ജീവിതം നയിക്കുന്നതിന് വളരെയേറെ സഹായിക്കുന്നു.

വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ഉൽക്കണ്ഠ, ശ്രദ്ധക്കുറവ് പഠനത്തിൽ പിന്നോക്കാവസ്ഥ ലഹരിപദാർത്ഥങ്ങൾക്കടിമയാകൽ എന്നിവ കൗൺസലിംഗിലൂടെ മാറ്റിയെടുക്കാൻ സാധിക്കുന്നുണ്ട്.

കൗൺസലർ നല്ലൊരു കേൾവിക്കാരനാവുന്നതിലൂടെ പ്രശ്നങ്ങൾ തുറന്നു പറയുക വഴി മാനസിക സംഘർഷങ്ങൾ വളരെയേറെ ലഘൂകരിക്കാൻ കുട്ടികൾക്ക് കഴിയും.

# SSLC പഠന ക്യാമ്പ് .

SSLC വിദ്യാർത്ഥികൾക്കായി ജനുവരി 10 മുതൽ 24 വരെ ക്യാമ്പ് നടത്താൻ തീരുമാനിച്ചു. ക്യാമ്പ് വാർഡ് കൗൺസിലർ ഉൽഘാടനം ചെയ്തു.



# ആരോഗ്യ ശുചിത്വ ക്ലബ്ബ്

ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി പോഷകാഹാരത്തിന്റെ പ്രാധാന്യ ത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ നടത്തി. കോഴിക്കോട് ജില്ലാ ബീച്ചാശുപത്രിയിലുള്ള വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ പകർച്ചവ്യാധി എന്ന വിഷയത്തിൽ കുട്ടികൾക്കായി ക്വിസ് പ്രോഗ്രാം നടത്തി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജീവിത ശൈലീ രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു.കുട്ടികൾക്കായി അയെൺ ഫോളിക്കാസിഡ് ഗുളികകൾ ആഴ്ചയിലൊരിക്കൽ വിതരണം ചെയ്ത് വരുന്നു. ശുചിത്വസേനയുടെ ആഭിമുഖ്യത്തിൽ ക്ലാസ്സ്മുറികളും സ്കൂൾപരിസരത്തും ശുചീകരണ പ്രവർത്തിനടത്തി വരുന്നു. ലോക മുലയൂട്ടൽ ദിനത്തോടനുബന്ധിച്ച് പെൺകുട്ടികൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.അമ്മമാർക്ക് പ്രത്യേക ക്ലാസ്സുകൾ എടുത്തു.






DIST VECTOR CONTROL UNIT

# വിനോദയാത്ര

പത്താംതരം വിദ്യാർത്ഥികൾക്കായി ഊട്ടി മൈസൂർ എന്നീ സ്ഥലങ്ങളിൽ വിനോദയാത്ര നടത്തി.













# സയൻസ് ക്ലബ്


സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിന ഡിജിറ്റൽക്വിസ്, ശാസ്ത്രമേള എന്നിവ നടത്തി.സ്കൂൾ ശാസ്ത്രമേള വിജയികൾ സബ്ജില്ലാ ശാസത്രമേളയിൽ പങ്കെടുത്ത് ഗ്രേഡുകൾ കരസ്ഥമാക്കി.പ്രശസ്ത ശാസ്ത്രലേഖകനും മുണ്ടശ്ശേരി അവാർഡ് ജേതാവും ശാസ്ത്രജ്ഞനുമായ ശ്രീ സാബു ജോസ് സ്കൂളിലെ "**ശാസ്ത്രരംഗം**" ഉൽഘാടനം ചെയ്തു.








ARE
WE NOW?



# മ്യൂസിക്

എല്ലാ ബുധനാഴ്ചകളിലും തെരെഞ്ഞെടുത്ത കുട്ടികൾക്കായി ടാലന്റ് ലാബ് നടത്തി വരുന്നു.എല്ലാ വെള്ളിയാഴ്ചയും സ്റ്റുഡന്റ് റേഡിയോ നടത്തുന്നുണ്ട്.





വയലാർ അനുസ്മരണം

# ഇംഗ്ലീഷ് ക്ലബ്

ക്ലബിന്റെ നേതൃത്വത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ ,ഹലോ ഇംഗ്ലീഷ് ക്ലാസ്സുകൾ, ശ്രദ്ധ എന്നിവ നടത്തി വരുന്നു.

# ഹലോ ഇംഗ്ലീഷ്

**കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനും നൈപുണികൾ വികസിപ്പിക്കാനും സഹായിക്കാനാണ്ഹലോ ഇംഗ്ലീഷ്.**




TREE
LEAF
BIRD
BRANCH
FRUITS
STEM

# നിറവ്-സ്ത്രീചേതന

സ്ത്രീചേതനയുടെ ആഭിമുഖ്യത്തിൽ സ്കൂളിലെ കുട്ടികൾക്ക് ക്ലാസ്സുകൾ കൗൺസലിങ്ങ് എന്നിവ നൽകുന്നു.



# CWSN

C W S N വിദ്യാർത്ഥികൾക്ക് പ്രത്യേകമായി പഠന പ്രവർത്തനങ്ങൾ നടത്തി വരുന്നു. അവർക്ക് കോഴിക്കോട് ജില്ലയിൽ തന്നെ പഠന യാത്രയും സംഘടിപ്പിച്ചു.






# സ്കൂൾ പാർലമെന്റ്





# കലാമേള









REET, KOZHIKODE.
PRIME
an even institute
കോഴിക്കോട് സിറ്റി ഉപജില്ല
6

## ശ്രദ്ധ റിപ്പോർട്ട് G.H.S.S karaparamba

ശ്രദ്ധയുടെ പുതിയ module പ്രകാരമുള്ള ക്ലാസുകൾ ഡിസംബർ 31 ന് ആരംഭിച്ചു. മൂന്ന മുതൽ നാലര വരെയും ഒഴിവുസമയങ്ങളിൽ time table പ്രകാരം എല്ലാവിഷയങ്ങളിലും U.P ക്ലസുകളിലും H.S ക്ലസുകളിലും module അനുസരിച്ച നടത്തുന്നു. H.S ൽ നിന്നും മുപ്പതോളം വിദ്യർത്ഥികൾ U.P യിൽ നിന്നും ഇരുപതോളം വിദ്യർത്ഥികളും പങ്കെടുക്കുന്നു. വിഷയത്തിനനുസരിച്ച് വിദ്യർത്ഥികളുടെ എണ്ണം മാറുന്നു. fund ന്റെ അപര്യാപ്തമൂലം refreshment കൊടുക്കാൻ സാധിക്കുമന്നില്ല. module പ്രകാരമുള്ള പാഠഭാഗങ്ങൾ തീർക്കാൻ സമയം കുറവാണ്. വിദ്യാർത്ഥികൾ വളരെയധികം active ആയി ക്ലാസിൽ പങ്കെടുക്കുകയും നല്ല പ്രതികരണം ലഭിക്കുകയും ചെയ്യുന്നുണ്ട്. class PTA യോഗത്തിൽ ശ്രദ്ധയുടെ പ്രാധാന്യം രക്ഷിതാക്കൾക്ക് വിശദീകരിച്ചു. വിദ്യർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള മോട്ടിവേഷൻ ക്ലാസുകൾ സ്ത്രീചേതന സംഘടനയുടെ നേതൃത്വത്തിൽ നടത്തി. എട്ടാം ക്ലാസിലെ എല്ലാവിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു.


पशु
पक्षी
मुर्गी
चिड़िया
कौआ
तोता
कोयल





# ഹിന്ദി ക്ലബ്

ഹിന്ദി ക്ലബിനോടനുബന്ധിച്ച് അസംബ്ലി ഹിന്ദിയിൽ നടത്തി.ചാർട്ട് ,പ്രതിജ്ഞ ,പ്രാർത്ഥന , മഹത് വചനം എന്നിവ ഹിന്ദിയിൽ നടത്തി. സെപറ്റംബർ 14 പ്രേംചന്ദ് ജയന്തി എന്നിവ സമുചിതമായി ആഘോഷിച്ചു .ചാർട്ട് പ്രദർശനം ,പുസ്തക പരിചയം, പ്രേംചന്ദ്-പുസ്തകം, കഥകൾ പരിചയപ്പെടുത്തി.

സെപ്റ്റംബർ 30 ഹിന്ദി ദിൻ സമുചിതമായിആഘോഷിച്ചു. അസംബ്ലി നടത്തി .നവംബർ 14 ശിശുദിനത്തോടെനുബന്ധിച്ച് പോസ്റ്റർ എന്നിവ നടത്തി

# മലയാളതിളക്കം

മലയാളതിളക്കം കാരപ്പറമ്പ് ജി.എച്ച്.എസ്സ്.എസ്സിൽ ആരംഭിക്കുന്നതായി 13-11-18 ന് ക്ലാരമ്മ ടീച്ചറുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. മലയാളഭാഷയിൽ എഴുതാനും വായിക്കാനും ബുദ്ധിമുട്ട് നേരിടുന്ന 20 കുട്ടികൾ അടങ്ങുന്ന ഒരു സംഘത്തെ പ്രീ ടെസ്റ്റ് മുഖേന തെരഞ്ഞെടുത്തു. P.T.A യുടെ അംഗീകാരത്തോടെ കുട്ടികളെ എട്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം നൽകാൻ തീരുമാനിച്ചു. സ്കൂളിലെ മലയാളം അധ്യാപകർക്കു പുറമേ, മറ്റു അധ്യാപകരുടെയും സഹായം ആവശ്യമായിരുന്നു. കുട്ടികൾ വീഡിയോ കണ്ടും, കേട്ടും, ചിത്രം വരച്ചും കളികളിലൂടെയുമാണ് ഭാഷാശേഷി നേടേണ്ടത്. അതിനാൽ അത്തരം സൗകര്യങ്ങൾ ഉള്ള സ്മാർട്ട് ക്ലാസ്സ് റൂം മലയാളതിളക്കത്തിനായി തെരഞ്ഞെടുത്തു.

15-11-2018 ന് കൃത്യം 10.30 ന് മലയാളതിളക്കത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡന്റ് ശ്രീ.നജീബ് മാളിയേക്കൽ നിർവഹിച്ചു. മദർ പി.ടി.എ പ്രസിഡന്റ് ശ്രീമതി ബിന്ദു അശോക് ആശംസകൾ അറിയിച്ചു. മലയാളം അധ്യാപികമാരായ ഷീന ടീച്ചർ,സീന ടീച്ചർ എന്നിവർ സംസാരിച്ചു.

എട്ടി ദിവസം നീണ്ടു നിൽക്കുന്ന മലയാളതിളക്കത്തിൽ എട്ടാം ക്ലാസിലേയും,ഒൻപതാം ക്ലാസിലേയും കുട്ടികളാണ് ഉണ്ടായിരുന്നത്.വിദ്യാർത്ഥികളിൽ മിക്കവരും അക്ഷരങ്ങളും, ചിഹ്നങ്ങളും അറിയാത്ത അവസ്ഥ ഉണ്ടായിരുന്നു. ഒന്നാം ദിവസത്തെ പരിശീലനത്തിലൂടെ വളരെ താത്പര്യത്തോടെ കുട്ടികൾ അക്ഷരങ്ങളെ തിരിച്ചറിഞ്ഞു. വീഡിയോ കണ്ടും, ചിത്രം വരച്ചും, ചോദ്യങ്ങളിലൂടെയും പഠന പ്രക്രിയ നടപ്പിലാക്കി ഗൃഹപാഠം കൊടുത്തു. പ്രതിദിനഡയറി എഴുതാൻ തുടങ്ങി.

മലയാളതിളക്കത്തിന്റെ നാലാം ദിവസത്തെ SRG യോഗം ചേർന്നു. ക്ലാരമ്മ ടീച്ചർ അധ്യക്ഷയായിരുന്നു. നാലു ദിവസത്തെ ക്ലാസ്സ് സംബന്ധമായ കാര്യങ്ങൾ അധ്യാപകർ വിശദീകരിച്ചു. കുട്ടികൾക്ക് ഉണ്ടായ പഠന പുരോഗതി വിശദീകരിച്ചു. മൂന്നാം ദിവസം ക്ലാസ്സ് പി.ടി.എ നടത്തിയിരുന്നു. അമ്മമാർ പങ്കെടുത്തു. ക്ലാസ്സ് എടുക്കുന്ന വിധം അവർ നിരീക്ഷിച്ചു. കുട്ടികൾ ചെയ്യുന്നത് അവർ നിരീക്ഷിച്ചു. തുടർ പരിപാടികൾ അമ്മമാരോട് വിശദീകരിച്ചു.

എട്ടു ദിവസത്തെ പരിപാടിയിൽ കുട്ടികൾ പാട്ടുപാടിയും, നാടകം ആവിഷ്കരിച്ചും, ചിത്രം വരച്ചും ഭാഷാശേഷി വർദ്ധിപ്പിച്ചു. 20 കുട്ടികളിൽ ശരാശരിക്ക് താഴെയുള്ള, ശരാശരിക്കാർ, ശരാശരിക്ക് മുകളിലുള്ളവർ എന്നിങ്ങനെ മൂന്ന് ഗ്രൂപ്പാക്കി

തിരിച്ചു.

ശരാശരിക്കാർ കൂടുതലായിരുന്നു. തുടർ പരിപാടികൾ കുട്ടികളുമായി പങ്കുവച്ചു. പത്രം വായിക്കണം, എങ്ങനെയാണ് എഴുത്ത് കൂടുതൽ മികവുണ്ടാകേണ്ടത് എന്ന് വിശദീകരിച്ചു. മലയാളതിളക്കം ക്ലാസ്സ് നിരീക്ഷിക്കാൻ പൗളിന ടീച്ചർ വന്നു, നിരീക്ഷിച്ചു. കുട്ടികൾ ഏറെ സന്തോഷമുള്ളവരായിരുന്നു. പഠനത്തിന് കുട്ടികളിൽ താത്പര്യം ഉണ്ടാക്കി. വിജയോത്സവത്തോടെ കുട്ടികൾ ക്ലാസുകളിലേക്ക് തിരിച്ചുപോയി.

# വിദ്യാരംഗം കലാസാഹിത്യവേദി

വിദ്യാരംഗം കലാസാഹിത്യവേദി പ്രഥമയോഗം 13-7-2018 ന് സ്കൂളിൽ ചേർന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ക്ലബ്ബുകളുടെ ഉദ്ഘാടനവും ചെയ്യാൻ തീരുമാനിച്ചു. കുട്ടികളുടെ കമ്മിറ്റി രൂപീകരിച്ചു.

ക്ലബ്ബുകളുടെ ഉദ്ഘാടനത്തിനോട് അനുബന്ധിച്ച് വിദ്യാരംഗം ഉദ്ഘാടനം നടന്നു. ഉദ്ഘാടന മത്സരമായി ആസ്വാദനക്കുറിപ്പ് മത്സരം നടത്തി.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനോദ്ഘാടനം ഗുജറാത്തി ഹൈസ്കൂളിൽ വെച്ച് നടന്നു. 19-7-2018 നായിരുന്നു ചടങ്ങ്. ആകാശവാണിയിലെ ജോൺ കുര്യൻ സാർ ഉദ്ഘാടനം ചെയ്തു. 'പാട്ടും മലയാള സാഹിത്യവും' എന്ന വിഷയത്തിൽ ശ്രീ. രമേഷ് കാവിലിന്റെ നേതൃത്വത്തിൽ ക്ലാസ്സ് നടന്നു. പരിപാടിയിൽ നമ്മുടെ കുട്ടികളെ

പങ്കെടുപ്പിച്ചു.

വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ ക്വിസ് 11-9-2018 ന് ആർ.കെ.മിഷൻ സ്കൂളിൽ വെച്ചുനടന്നു. ഹൈസ്കൂളിലെ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥി ആസാദ് നാരായൺ പങ്കെടുത്തു.

കോഴിക്കോട് നഗരസഭയുടെ ആഭിമുഖ്യത്തിൽ നഗരപത്രിക എന്ന പേരിൽ നടത്തിയ ശിൽപശാലയുടെ ഒന്നാംഘട്ടം ഗവ:മോഡൽ സ്കൂളിൽ വെച്ച് നടന്നു. നമ്മുടെ സ്കൂളിലെ ആസാദ് നാരായൺ, ആയിഷ ഫിദ, വിഷ്ണു.എം എന്നിവർ സജീവമായി പങ്കെടുത്തു.

രണ്ടാംഘട്ട ശിൽപശാലയിൽ 22-10-2018 ന് ഗവ:മോഡൽ സ്കൂളിൽ വെച്ചു നടന്നു. വിഷ്ണു.എം, അർജ്ജുൻ.ടി.എം എന്നിവർ സജീവമായി പങ്കെടുത്തു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നവംബർ -4 ന് വടകര എസ്.ജി.എം.എസ്.ബി സ്കൂളിൽ വെച്ച് ക്വിസ് മത്സരം നടന്നു. 9 A യിലെ ആസാദ് നാരായൺ പങ്കെടുത്തു.

നാം! സത്യമാണമ്മ എന്റെ

# അമ്മ

അമ്മയാണമ്മ  പൊന്നമ്മ
അനുഭവമാണമ്മ
ആദ്യവിദ്യാലയമാണമ്മ
അച്ചനെന്ന് പറയാൻ പഠിപ്പിക്കും
ജീവിതത്തിലേക്ക് ഉയർത്തുമെന്നമ്മ

അമ്മയാണമ്മ പൊന്നമ്മ
മക്കൾ നന്നാകാൻ പ്രാർഥിക്കുമെന്നമ്മ
തലമുറകളുടെ ഹൃദയമാണമ്മ
ഒരിക്കലും മറക്കാൻ വയ്യാത്ത പെന്നമ്മ
ഒരുകുട്ടിക്കും ഒഴിവക്കാൻ പറ്റാത്ത ഹൃദയമാണമ്മ
അഴകിലലിയും നമ്മളമ്മ അമ്മ


അമ്മയാണമ്മ പൊന്നമ്മ
അമ്മില്ലാത്ത ധാരാളമാളുകൾ
ഈ ലേകത്തുണ്ടെന്നോർക്കുക
നമ്മുടെ കാവലാണമ്മ
നമ്മുടെ അമ്മ നമുക്ക് മാത്രം

സത്യമാണമ്മ എന്റെ അമ്മ
ധർമ്മമാണമ്മ നമ്മുടെ അമ്മ
സ്നേഹം തുളുമ്പും നമ്മുടെ അമ്മ

# അമ്മസ്നേഹം

സ്നേഹം ഉളളുമ്പുന്ന വാക്കിലാണെന്നമ്മ
വാൽസല്യത്തിന്റെ അർത്ഥമാണെന്നമ്മ
സ്നേഹത്തിന്റെ  ഉറവിടമാണെന്നമ്മ
സത്യത്തിന്റെ വഴികാട്ടിയാണമ്മ
അറിവിന്റെ അഴകിന്റെ ഉറവിടമാണമ്മ
വാൽസല്യപൂർവമാണമ്മ
ഇമ്പപ്പൂവിൻ  ഉദാഹരണമാണമ്മ
എല്ലാവർക്കും വഴികാട്ടിയാണമ്മ
സനേഹംഉളളുമ്പുന്ന വാക്കിലാണെന്നമ്മ
വാൽസല്യത്തിന്റെ അർഥമാണെന്നമ്മ

# കുട്ടികളുടെ കലാസൃഷ്ടികൾ



SAFEEQ AHAMMED VII



MUHAMMED ADNAN VI





ജ്യോതിർദേവ് കെ

V



മുഹമ്മദ് അദ്നാൻ VI


LMIO
MESSI
10


ROMAN
REIGNS





CRISTIANO
JUVENTES
Ronaldo
CR7


മുഹമ്മദ് അദ്നാൻ VI

അഭിനവ് പുഷ്പരാജ് VI



# മുഹമ്മദ് ഷാനിബ് ix







ഫാത്തിമ

# നന്ദി

ലിറ്റിൽകൈറ്റ്സിന്റെ സാങ്കേതികമികവ് ഉപയോഗിച്ച് മാത്രം തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "ചിത്രശലഭങ്ങൾ" പ്രസിദ്ധീകരിക്കാൻ എല്ലാ സഹായസഹകരണങ്ങളും നൽകിയ ഹെഡ്മിസ്ട്രസ് ഷാദിയ ബാനു ടീച്ചറിനും സൃഷ്ടികൾ നൽകിയ അധ്യാപകർക്കും കുട്ടികൾക്കും പിന്തുണ നൽകിയ മറ്റ് സഹപ്രവർത്തകർക്കും ലിറ്റിൽകൈറ്റസ് അംഗങ്ങൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു

കൈറ്റ്മിസ്ട്രസ്